2023
MARCH
06
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

കേരള ഗവൺമെന്റിന്റെ അംഗീകൃത
കോഴ്സിലൂടെ എളുപ്പം ജോലി നേടാം
- ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്
- മെക്കാനിക്കൽ എഞ്ചിനീയറിംഗ്
- ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്

2 വർഷം

പഠനത്തോടൊപ്പം അംഗീകൃത സർവ്വീസ് സെന്ററുകളിൽ പ്രായോഗിക പരിശീലനവും തുടർന്ന് പ്ലേയ്സ്മെന്റ് അസിസ്റ്റൻസും. ബന്ധപ്പെടുക:

Kuttukaran Institute
www.kihrd.com

Kuttukaran Technical Campus-2,
Manakkappadi - Manjali Road,
Manakkappadi, Karumalloor P.O.,
N.Paravur, Ernakulam-683 511
Tel: (0484) 2390516, 2396035, Mob: 9995171177, 9846019500

ബ്രഹ്മപുരം മാലിന്യപ്ലാന്റിൽ  പടർന്നു പിടിച്ച തീ അഗ്നിശമന സേനയുടെ നേതൃത്വത്തിൽ അണയ്ക്കാൻ ശ്രമിക്കുന്നു

# ബ്രഹ്മപുരം തീപിടിത്തം: പുകയിൽ മുങ്ങി കൊച്ചി

**കൊച്ചി:** ബഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടുത്തം നിയന്ത്രണവിധേയമായെന്ന് അധികൃതർ പറയുമ്പോഴും കൊച്ചി നഗരം പുകിയിൽ മുങ്ങി നിൽകുകയാണ്.പാലാരിവട്ടം,വൈറ്റില,കുണ്ടന്നൂർ മേഖലയിൽ രാവിലെ എട്ടുവരെ പുകനിറഞ്ഞു നിൽക്കുന്ന അവസ്ഥയായിരന്നു കഴിഞ്ഞ ദിവസം കാണാനായത്.പുക മൂലം ഈ മേഖലകളിൽ ദേശീയ പാതകളിടലക്കം വാഹനയാത്ര ദുഷ്കരമായിരുന്നു.

തൊട്ടടുത്ത് എത്താതെ വാഹനങ്ങളെയും ആളുകളെയും പോലും കാണാൻ സാധിക്കാത്ത വിധം അത്ര പുകയായിരുന്നു നിറഞ്ഞു നിന്നിരുന്നത്. ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടിത്തം നിയന്ത്രണ വിധേയമായതായി മന്ത്രി പി.രാജീവ് കലക്ടറേറ്റിൽ ചേർന്ന ഉന്നതതല യോഗത്തിനു ശേഷം വ്യക്തമാക്കി.തീ അണയ്ക്കു ന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും ഒരുക്കി. രണ്ട് വലിയ ഹൈപവർ ഡീ വാട്ടറിംഗ് പമ്പ് സെറ്റുകൾ ഉപയോഗിച്ച് കടമ്പ്രയാറിൽ നിന്ന് വെള്ളമെടുത്ത് പമ്പ് ചെയ്യുകയാണ്. ഫ്ളോട്ടിംഗ് ജെസിബി യുടെ സഹായത്തോടെ കടമ്പ്രയാർ വൃത്തിയാ ക്കിയാണ് ജലമെടുക്കുന്നത്. 32 ഫയർ എൻജിനുകളാണ് തീയണയ്ക്കുന്നത്.

കൂടുതൽ പോർട്ടബിൾ പമ്പുകൾ കൂടി സജ്ജീകരിക്കും. കടമ്പ്രയാറിൽ നിന്ന് വെള്ളമെടുക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടായാൽ എഫ്.എ.സി.ടി.യിലെ തടാകത്തിൽ നിന്നെടുക്കും. നിലവിലെ പ്രശ്നം പരിഹരിച്ചാൽ ഉടൻ പ്ലാന്റിലേക്കുള്ള റോഡ് കൊച്ചി കോർപ്പറേഷൻ അടിയന്തര പ്രാധാന്യത്തോടെ ഉപയോഗക്ഷമമാക്കും. മാലിന്യം ശേഖരിക്കൽ പുനരാരംഭിക്കുന്നതുവരെ മാലിന്യ സംസ്കരണത്തിന് താത്കാലിക സംവിധാനം ഏർപ്പെടു ത്തും. കോർപ്പറേഷന്റെ ശുപാർശ പ്രകാരം ജില്ലാ കളക്ടർ മുൻ കൈയെടു ത്തായിരിക്കും ഇക്കാര്യത്തിലുള്ള നടപടി.ഭാവിയിൽ തീപിടിത്തം ഉണ്ടായാൽ നിയന്ത്രി ക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപി പ്പിക്കാൻ കൊച്ചി കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ഏകോപന സമിതി രൂപീകരിച്ചതായിും മന്ത്രി യോഗത്തിനു ശേഷം വ്യക്തമാക്കി. ബ്രഹ്മപുരം തീപിടിത്തത്തെ തുടർന്നുണ്ടായ പുകമൂലം നിലവിൽ ആരോഗ്യപ്രശ്നങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആശങ്കപ്പെടേണ്ട സാഹചര്യമില്ല. എന്നാൽ ആവശ്യമായ മുൻകരുതൽ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

പുക പടർന്നിരിക്കുന്ന പ്രദേശങ്ങളിലുള്ളവർ എൻ 95 മാസ്ക് നിർബന്ധമായും ഉപയോഗിക്കണം. ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ ഉള്ളവർ, ഗർഭിണികൾ, കുട്ടികൾ, മുതിർന്നവർ കഴിവതും പുറത്തിറങ്ങാതിരിക്കണമെന്നും മന്ത്രി അഭ്യർഥിച്ചു.പുകമൂലം ഏതെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാൽ ചികിത്സിക്കുന്നതിനായി പ്രത്യേക ക്രമീകരണം ഏർപ്പെടുത്തി. എറണാകുളം ജനറൽ ആശുപത്രിയിൽ 100 കിടക്കകൾ, തൃപ്പൂണിത്തുറയിലെ താലൂക്ക് ആശുപത്രിയിൽ 20 കിടക്കകൾ, കളമശേരി മെഡിക്കൽ കോളജിൽ കുട്ടികൾക്കായി 10 കിടക്കകളും സ്മോക്ക് കാഷ്വാലിറ്റിയും സജ്ജമാക്കിയിട്ടുണ്ട്.തീയണയ്ക്കുന്നതിന് രംഗത്തുള്ള അഗ്നി രക്ഷാപ്രവർത്തകർ ഉൾപ്പെടെയുള്ളവർക്ക് ശ്വാസതടസം ഉണ്ടായാൽ ഉപയോഗിക്കുന്നതിനായി രണ്ട് ഓക്സിജൻ പാർലറുകൾ ബ്രഹ്മപുരത്ത് സജ്ജമാക്കിയിട്ടുണ്ട്.

ഓക്സിജൻ സൗകര്യമുള്ള ആംബുലൻസും ഉണ്ട്. ആംബുലൻസിൽ ഒരേസമയം നാലുപേർക്ക് ഓക്സിജൻ നൽകുന്നതിന് സൗകര്യമുണ്ട്.കാറ്റിന്റെ ദിശ അനുസരിച്ച് പുക വ്യാപിച്ചതിനാൽ ബ്രഹ്മപുരത്തിനും സമീപ പ്രദേശങ്ങളിലുമുള്ളവർക്ക് ഏതെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 2 കൺട്രോൾ റൂമുകൾ ആരംഭിച്ചു.

## ഒന്നു മുതൽ ഏഴു വരെ ക്ലാസുകൾക്ക് അവധി

**കൊച്ചി:** ബ്രഹ്മപുരം മാലിന്യ ശേഖരണ പ്ലാന്റിൽ ഉണ്ടായ തീപിടിത്തത്തെ തുടർന്ന് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ അന്തരീക്ഷത്തിൽ പുകയുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യം ഉള്ളതിനാൽ ആരോഗ്യപരമായ മുൻകരുതലിന്റെ ഭാഗമായി വടവുകോട്  പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്, തൃക്കാക്കര മുനിസിപ്പാലിറ്റി, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി, മരട് മുനിസിപ്പാലിറ്റി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ എന്നീ തദ്ദേശ സ്ഥാപനങ്ങളിലെ അങ്കണവാടികൾ, കിന്റർഗാർട്ടൺ, ഡേ കെയർ സെന്ററുകൾ എന്നിവയ്ക്കും സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകളിലെ ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും ഇന്ന് അവധിയായിരിക്കും. പൊതു പരീക്ഷകൾക്ക് മാറ്റമില്ല

## ഫാക്ട്: വിറ്റുവരവ് ചരിത്ര നേട്ടത്തിലേക്ക്

**കൊച്ചി:** പൊതുമേഖലയിൽ രാജ്യത്തെ പ്രമുഖ രാസവളം നിർമാണ ശാലയായ ഫാക്ട് ചുവടുവയ്ക്കുന്നത് ചരിത്രത്തിന്റെ എക്കാലത്തെയും ഉയർന്ന വിറ്റുവരവിലേയ്ക്ക്. നടപ്പു സാമ്പത്തിക വർഷം ആദ്യ 3 പാദങ്ങളിൽ നിന്നു കമ്പനി നേടിയത് 4949 കോടി രൂപയുടെ വിറ്റുവരവ്; ലാഭം 447 കോടി രൂപ. അവസാന പാദത്തിലെ കണക്കുകൾ കൂടി പുറത്തുവരുമ്പോൾ മൊത്ത വരുമാനം 5,000 കോടി രൂപയെന്ന നാഴികക്കല്ലും പിന്നിടുമെന്നാണു വിലയിരുത്തൽ. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും ആഗോള രാസവള വിപണിയിലെ അനിശ്ചിതത്വവും അതിജീവിച്ചാണു ഫാക്ട് ലാഭം കൊയ്യുന്നത്. ദീർഘകാലമായി നഷ്ടത്തിലായിരുന്ന ഫാക്ട് സമീപ വർഷങ്ങളിൽ മികച്ച പ്രകടനമാണു കാഴ്ച വയ്ക്കുന്നത്.

ദി ഐ ഫൗണ്ടേഷൻ
കണ്ണാശുപത്രി | ഇടപ്പള്ളി, കൊച്ചി

5th year ANNIVERSARY CELEBRATION

നന്ദി കൊച്ചി!
ഞങ്ങളിൽ അർപ്പിച്ച വിശ്വാസത്തിനും പിന്തുണക്കും...

സമ്പൂർണ നേത്ര പരിശോധന
തികച്ചും സൗജന്യം
15th MARCH '23 വരെ

CALL NOW
80861 99913

Our Services
Laser Cataract Surgery | Bladeless Lasik | Cornea
Contoura Lasik | Glaucoma | Retina | Pediatric

THE EYE FOUNDATION
SUPER SPECIALITY EYE HOSPITALS
Tamil Nadu | Karnataka | Kerala

Next to Changampuzha Park
Metro Station, Edappally,
Kochi - 682024.

www.theeyefoundation.com | 0484 4242000

# ഗ്രീൻഫീൽഡ് ഹൈവേക്കു ഭൂമി ഏറ്റെടുക്കൽ: 3ഡി വിജ്ഞാപനം ഒരാഴ്ചയ്ക്കുള്ളിൽ

**ചാത്തന്നൂർ:** പാരിപ്പള്ളി കടമ്പാട്ടുകോണം ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേക്കു ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള 3ഡി വിജ്ഞാപനം ഒരാഴ്ചയ്ക്കുള്ളിൽ പുറപ്പെടുവിക്കും. ഇതോടെ ഭൂമി സർക്കാരിൽ നിക്ഷിപ്തമാകും. ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക വിജ്!ഞാപനം (3 എ) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നേരത്തേ പുറപ്പെടുവിച്ചിരുന്നു.

പുനലൂർ, അ!ഞ്ചൽ, കൊട്ടാരക്കര സ്പെഷൽ തഹസിൽദാർ ഓഫിസുകൾ കേന്ദ്രീകരിച്ചു 3ഡി വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഓരോ സ്പെഷൽ തഹസിൽദാർ ഓഫിസുകളുടെ പരിധിയിലും വില്ലേജുകൾ തിരിച്ചായിരിക്കും 3ഡി വിജ്ഞാപനം പുറപ്പെടുവിക്കുക. ഒരാഴ്ചയ്ക്കുള്ളിൽ ഏതാനും വില്ലേജുകളിലെ 3ഡി വിജ്ഞാപനം പുറപ്പെടുവിക്കും.

വിജ്ഞാപന പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ വ്യക്തികളുള്ള നഷ്ടം സംബന്ധിച്ച കണക്കെടുപ്പ് ആരംഭിച്ചു. ഭൂമി, കെട്ടിടം, കൃഷിവിളകൾ, വൃക്ഷങ്ങൾ, മറ്റ് നിർമിതികൾ എന്നിവയുടെ കണക്കെടുപ്പ് നടക്കുകയാണ്. കെട്ടിടങ്ങളുടെ നിർമാണ രീതി, വിസ്തൃതി തുടങ്ങിയ സംബന്ധിച്ചുള്ള കണക്കെടുപ്പ് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ ചുമതലയിൽ സ്വകാര്യ ഏജൻസിയാണ് നടത്തുന്നത്. കാർഷിക വിളകൾ സംബന്ധിച്ചു കൃഷിവകുപ്പും വൃക്ഷങ്ങളുടെ കണക്കെടുപ്പ് വനം വകുപ്പുമാണ് നടത്തുന്നത്.

ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനമായി 3 എ പുറപ്പെടുവിച്ച തീയതി അടിസ്ഥാനമാക്കിയാണ് നഷ്ടപരിഹാരം നിശ്ചയിക്കുക. നഷ്ടപരിഹാരത്തുകയ്ക്ക് 3എ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതലുള്ള പലിശ ലഭിക്കും. 2013ൽ മൻമോഹൻസിങ് സർക്കാർ നടപ്പാക്കിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ ഷെഡ്യൂൾ ഒന്ന്, രണ്ട് അനുസരിച്ചാണു ഭൂമിക്കു നഷ്ടപരിഹാരം നൽകുന്നത്.

180 ഹെക്ടർ ഭൂമി ഏറ്റെടുക്കാനാണു പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. കൊല്ലം ജില്ലയിൽ 124 ഹെക്ടറും തിരുവനന്തപുരം ജില്ലയിൽ 56 ഹെക്ടർ ഭൂമിയും ഏറ്റെടുക്കുമെന്നാണു പ്രാഥമിക വിജ്ഞാപനത്തിൽ ഉള്ളത്. 60 മീറ്റർ വീതിയിൽ പാത വികസിപ്പിക്കുന്നതിനുള്ള നിലയിലാണ് ഈ വിജ്ഞാപനം. 45 മീറ്റർ വീതിയിലാണ് പാത വികസനം എന്നതിനാൽ വിജ്!ഞാപനത്തിലെ അളവിൽ നിന്ന് 15 ശതമാനത്തിലേറെ കുറവ് ഉണ്ടാകും.

ഭൂമി ഏറ്റെടുക്കലിന്റെ മറവിൽ അഭ്യൂഹങ്ങൾ ബോധപൂർവം പരത്തുന്നതിനാൽ ദേശീയപാത അതോറിറ്റി, സ്പെഷൽ തഹസിൽദാർ ഓഫിസുകൾ ബന്ധപ്പെട്ടു ഭൂഉടമകൾ സംശയ നിവാരണം നടത്തണമെന്ന് അധികൃതർ പറഞ്ഞു.

ഗ്രീൻഫീൽഡ് ഹൈവേക്കു വനമേഖല ഒഴിച്ചുള്ള ഭാഗങ്ങളിൽ കല്ലിടൽ പൂർത്തിയായി. ഏകദേശം മൂന്നു കിലോമീറ്ററോളം ദൈർഘ്യത്തിൽ വനമേഖലയിൽ കല്ലിടൽ നടന്നിട്ടില്ല. വനം വകുപ്പിൽ നിന്ന് അനുമതി ലഭിക്കാത്തതാണു കാരണം. കൊല്ലം ജില്ലയിൽ ഏരൂർ, അയിരനല്ലൂർ തിരുവനന്തപുരം ജില്ലയിൽ മടവൂർ വില്ലേജ് പരിധിയിലുമാണ് വനമേഖലയിലൂടെ പാത കടന്നു പോകുന്നത്. വനമേഖലയിൽ 30 മീറ്റർ വീതിയും മറ്റിടങ്ങളിൽ 45 മീറ്റർ വീതിയിലുമാണു പാത വികസനം.

## ഇന്ത്യയുടെ വിജ്ഞാന സമ്പത്ത് ലോകം തിരിച്ചറിയുന്നു: ഗവർണർ

**തൃശൂർ:** ഇനി ഇന്ത്യയുടെ കാലമാണെന്നും നമ്മുടെ വിജ്ഞാനസമ്പത്തും മൂല്യങ്ങളും ലോകം തിരിച്ചറിഞ്ഞു തുടങ്ങുകയാണെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ.തളി കീഴ്പ്പാടം കിരാതമൂർത്തി ക്ഷേത്ര പുനരുദ്ധാരണത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ലോകരാജ്യങ്ങളാകെ സാമ്പത്തിക പ്രതിസന്ധിയിലാകുമ്പോഴും ഇന്ത്യ വളരുകയാണ്.

നമ്മുടെ കരുത്തെന്താണെന്നു നാം തിരിച്ചറിയാൻ തുടങ്ങിയതും ഇപ്പോഴാണ്. ബഹുരാഷ്ട്ര സ്ഥാപനങ്ങളുടെ തലപ്പത്ത് ഇന്ത്യക്കാർ നിറയുന്നതു നമ്മുടെ വിജ്ഞാനസമ്പത്തിന്റെ സൂചനയാണ്.

നമ്മുടെ രാജ്യത്തിന്റെ കരുത്ത് മറ്റൊരു രാജ്യത്തിനും ഭീഷണിയാകില്ല. കാരണം, സംസ്കാരവും പാരമ്പര്യവും നമ്മുടെ രാജ്യത്തെ ഉത്തരവാദിത്തപൂർണമാക്കുന്നു.

ആഗോള മാനവിക ഹൃദയമാണ് ഇന്ത്യയുടേത്. തകർന്നുപോയ ക്ഷേത്രങ്ങൾ വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

# പാടശേഖരങ്ങൾ വറ്റിവരളുന്നു

**മാന്നാർ:** വേനൽ കടുത്തതോടെ അപ്പർകുട്ടനാടൻ പാടശേഖരങ്ങൾ വെള്ളമില്ലാതെ വറ്റി വരണ്ടു. കർഷകർ ജലാശയങ്ങളിൽ നിന്നും പമ്പിങ് തുടങ്ങി. മാന്നാർ, ചെന്നിത്തല, ബുധനൂർ, വീയപുരം, പള്ളിപ്പാട് തുടങ്ങിയ പാടശേഖരങ്ങളാണ് വെള്ളമില്ലാതെ വറ്റി വരളുന്നത്. പാടശേഖരങ്ങളോടു ചേർന്നുള്ള വാച്ചാൽ തോടുകളിലും ചാലുകളിലെയും ജലനിരപ്പു താഴ്ന്നതോടെയാണ് പാടശേഖരങ്ങളിൽ വെള്ളമില്ലാതെയായത്.

ഭൂരിഭാഗം പാടശേഖരങ്ങളിലും 60 മുതൽ 90 ദിവസം വരെ പ്രായമായ നെൽച്ചെടികളാണു വളർന്നു നിൽക്കുന്നത്. കതിരിടാൻ പാകമായ നെൽച്ചെടികളുമുണ്ട്. ചൂടു കൂടുതലായതിനാൽ നെൽച്ചെടികൾക്കു വെള്ളം അത്യാവശ്യമാണ്. പാടശേഖര സമിതിയുടെ മേൽനോട്ടത്തിലുള്ള പെട്ടിയും പറയും എല്ലായിടത്തും പ്രവർത്തിക്കാൻ പറ്റുന്ന തരത്തിൽ വെള്ളമില്ല.

അച്ചൻകോവിലാറിന്റെയും പമ്പാനദിയിൽ നിന്നും മോട്ടർ പ്രവർത്തിച്ചാണ് പാടങ്ങളിൽ വെള്ളമെത്തിക്കുന്നത്. ആറ്റിൽ ഉയർന്ന കുതിരശക്തിയുള്ള മോട്ടർ വച്ചു പ്രവർത്തിപ്പിച്ചാൽ സമീപത്തുള്ള പാടശേഖരങ്ങളിലും വെള്ളമെത്തിക്കാനാകും. എന്നാൽ, ഇതിനുള്ള ഒരു സംവിധാനവും പാടശേഖര സമിതികൾക്ക് ഇല്ലാത്തതാണ് നെൽകർഷകരെ വലയ്ക്കുന്നത്.

# മറയൂർ വരൾച്ചയുടെ പിടിയിലേക്ക്

**മറയൂർ:** വേനൽ കടുത്തതോടെ മറയൂർ കാന്തല്ലൂർ മേഖലയിൽ വരൾച്ച. നീരുറവകൾ വറ്റിത്തുടങ്ങിയതോടെ കൃഷികൾ സംരക്ഷിക്കാൻ ഹോസ് ഉപയോഗിച്ച് വെള്ളം നനയ്ക്കാൻ പാടുപെടുകയാണ് കർഷകർ. ആദിവാസി കുടികളിലും കാന്തല്ലൂരിലുമായി കൃഷി ചെയ്തുവരുന്ന ബീൻസ്, കാരറ്റ്, വെളുത്തുള്ളി, കാബേജ്, ബീറ്റ്റൂട്ട്, ഉരുളക്കിഴങ്ങ്, ചോളം, റാഗി എന്നീ വിളകളാണ് വേനൽ കടുത്തതോടെ കരിഞ്ഞു തുടങ്ങിയത്.

കരിയൽ തടയാൻ കനാലിലൂടെയുള്ള വെള്ളം കൊണ്ടുവന്ന് നനച്ചിരുന്നു. ഇപ്പോഴത്തെ വരൾച്ചയിൽ നീരുറവകളും വറ്റി വരളുകയാണ്. ആറുകളിലും വെള്ളം കുറവായതിനാൽ ആവശ്യത്തിനു വെള്ളം ലഭിക്കുന്നില്ല. പ്രദേശത്ത് രാത്രിയിൽ തണുത്ത കാലാവസ്ഥ തുടരുമ്പോഴും പകൽ സമയത്ത് നല്ല വെയിലാണ്. ചൂട് ഇനിയും കൂടുമെന്ന് കാലാവസ്ഥാ വിദഗ്ധർ പറയുമ്പോൾ ഈ കർഷകരുടെ പ്രതീക്ഷകളാണ് കരിയുന്നത്

## തൊഴിലാളി ക്ഷേമനിധി കുടിശ്ശിക; തീയതി നീട്ടി

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത തൊഴിലാളികൾക്ക് ഒമ്പത് ശതമാനം പലിശ സഹിതം നിബന്ധനകൾക്ക് വിധേയമായി കുടിശ്ശിക ഒടുക്കുന്നതിനുള്ള കാലാവധി മാർച്ച് 31 വരെ നീട്ടിയതായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

അഞ്ച് വർഷത്തിൽ കൂടുതൽ 10 വർഷം വരെയുള്ള കുടിശ്ശിക അടക്കാനായി അപേക്ഷ സമർപ്പിക്കുന്നവർക്ക്, തൊഴിലാളി ഉടമയുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും സാക്ഷ്യപത്രം ലഭ്യമാക്കിയ ശേഷം ബോർഡിന്റെ അനുമതിയോടെ കുടിശ്ശിക ഒടുക്കാൻ അവസരം നൽകും. ഫോൺ: 0497 2705197.

കരുത്തുറ്റ ഓജസ്സിന്റെ പുനർജന്മം
കായകൽപ ചികിത്സാരീതിയിൽ അമൂല്യ ഔഷധങ്ങളാൽ തയ്യാറാക്കിയ
ധാതു പുഷ്ടിയും ബലവും ഓജസ്സും വീണ്ടെടുക്കുവാൻ സഹായിക്കുന്നു
ഓജസെറ്റ് ക്യാപ്സൂൾ | OJUSET CAPSULES
SINCE 1995
ORDER NOW: 755 99 6 44 55
FREE DOCTOR CONSULTATION: 75 93 83 47 81
എല്ലാ ഇംഗ്ലീഷ്–ആയുർവ്വേദ മെഡിക്കൽ ഷോപ്പുകളിലും തപാലിലും ലഭിക്കുന്നു
Available at amazon
www.ojuset.com
PUNARJITH
OJUSET capsules
VIGOR & VITALITY
STAMINA
STRENGTH

# നൂറ് വയസ്സുകാരനായി വിജയരാഘവൻ

വിനോദം

രൂപഭാവങ്ങളിലും ശരീരഭാഷയിലും വാക്കിലും നോക്കിലും വരെ വാർദ്ധക്യത്തിൻറെ എല്ലാ അവശതകളോടും കൂടെ നൂറ് വയസ്സ് പ്രായമുള്ള അപ്പാപ്പനായി ഞെട്ടിച്ച് നടൻ വിജയരാഘവൻ. ഒപ്പം ഏറെ പ്രായമേറിയഅമ്മൂമ്മയായി കെപിഎസി ലീലയും. 'ആനന്ദം' എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിന് ശേഷം ഗണേഷ് രാജ് എഴുതി സംവിധാനം ചെയ്യുന്ന 'പൂക്കാലം' എന്ന ചിത്രത്തിലാണ് വ്യത്യസ്തമായ ഗെറ്റപ്പിൽ വിജയരാഘവൻ എത്തുന്നത്. 'ഹ്യൂമൻസ് ഓഫ് പൂക്കാലം' എന്ന പേരിൽ പുറത്തിറങ്ങിയ 1.54 മിനിറ്റ് ദൈർഘ്യമുള്ള സിനിമയുടെ പ്രമൊ വിഡിയോ പ്രേക്ഷക മനസ്സുകളിലൊരു പൂക്കാലം തന്നെ തീർത്തിരിക്കുകയാണ്.

ഗണേഷിൻറെ ആദ്യചിത്രം ചെറുപ്പക്കാരുടെ ആഘോഷ സിനിമയായിരുന്നെങ്കിൽ 'പൂക്കാല'ത്തിൽ മുതിർന്ന കഥാപാത്രങ്ങളുടെ ശക്തമായ പങ്കാളിത്തവുമുണ്ട്. നായകനായും സഹനടനായും വില്ലനായും ഹാസ്യതാരമായുമൊക്കെ ഇതിനകം വിവിധ വേഷങ്ങളിൽ തിളങ്ങിയിട്ടുള്ള വിജയരാഘവൻ അഭിനയരംഗത്ത് 50 വർഷം പിന്നിടുമ്പോൾ ഇതാദ്യമായാണ് നൂറിനോടടുത്ത് പ്രായം തോന്നിക്കുന്ന കഥാപാത്രമായി പ്രത്യക്ഷപ്പെടുന്നതെന്ന പ്രത്യേകതയുമുണ്ട്.

ഇവർക്കൊപ്പം ബേസിൽ ജോസഫ്, വിനീത് ശ്രീനിവാസൻ, സുഹാസിനി മണിരത്നം, ജഗദീഷ്, അബു സലിം, ജോണി ആൻറണി, അന്നു ആൻറണി, റോഷൻ മാത്യു, സരസ ബാലുശ്ശേരി, അരുൺ കുര്യൻ, ഗംഗ മീര, രാധ ഗോമതി, അരുൺ അജികുമാർ, ശരത് സഭ, അരിസ്റ്റോ സുരേഷ് തുടങ്ങിയവർക്കൊപ്പം കാവ്യ, നവ്യ, അമൽ, കമൽ എന്നീ പുതുമുഖങ്ങളും ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളാകുന്നു..

സിഎൻസി സിനിമാസ്, തോമസ് തിരുവല്ല ഫിലിംസ് എന്നീ ബാനറിൽ വിനോദ് ഷൊർണൂർ, തോമസ് തിരുവല്ല എന്നിവർ ചേർന്ന് നിർമ്മിക്കുന്ന സിനിമയുടെ ഛായാഗ്രഹണം ആനന്ദ് സി ചന്ദ്രൻ നിർവഹിക്കുന്നു. പ്രൊഡക്ഷൻ ഡിസൈനർ സൂരജ് കുറവിലങ്ങാട്, ചിത്രസംയോജനം: മിഥുൻ മുരളി, സംഗീതം, പശ്ചാത്തല സംഗീതം: സച്ചിൻ വാര്യർ, വസ്ത്രാലങ്കാരം: റാഫി കണ്ണാടിപ്പറമ്പ്, ചമയം: റോണക്സ് സേവ്യർ, പ്രൊഡക്ഷൻ കൺട്രോളർ: ജാവേദ് ചെമ്പ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ വിശാഖ് ആർ. വാര്യർ, നിശ്ചല ഛായാഗ്രഹണം: സിനറ്റ് സേവ്യർ, പോസ്റ്റർ ഡിസൈൻ: അരുൺ തോമസ്, പിആർഒ എ.എസ്. ദിനേശ്, മാർക്കറ്റിങ്: സ്നേക്ക്പ്ലാന്റ്.

# നായകനായി ഷാജോൺ, അനിൽ തോമസിന്റെ ഇതുവരെ മറയൂരിൽ ആരംഭിച്ചു

നിരവധി പുരസ്ക്കാരങ്ങൾക്കർഹമായ മിന്നാമിനുങ്ങ് എന്ന ചിത്രത്തിനു ശേഷം അനിൽ തോമസ് തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന ഇതുവരെ എന്ന ചിത്രത്തിന്റെ ചിത്രീകരണം ആരംഭിച്ചു. ടൈറ്റസ് പീറ്ററാണ് നിർമാണം. കലാഭവൻ ഷാജോണാണ് കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.

മണ്ണും പ്രകൃതിയും പ്രധാന പശ്ചാത്തലമാക്കി തികഞ്ഞ കുടുംബകഥ അവതരിപ്പിക്കുകയാണ് ഈ ചിത്രത്തിലൂടെ. മെട്രോ നഗരമായ കൊച്ചിയിൽ നിന്നും ഒരു മലയോര മേഖലയിൽ എത്തിയ വിക്രമൻ നായർ എന്ന കഥാപാത്രത്തെയാണ് ഈ ചിത്രത്തിൽ കലാഭവൻ ഷാജോൺ അവതരിപ്പിക്കുന്നത്.

വിജയകുമാർ, പ്രേം പ്രകാശ്, മനുരാജ്, പീറ്റർ ടൈറ്റസ്, ദേവി സ്വാതി, ലതാ ദാസ്, ഷൈനി, ഡോക്ടർ അമർ , മുൻഷി രഞ്ജിത്ത്, സൂര്യ പണിക്കർ വൈക്കം, മധു പീരുമേട്, അൻസാരി ഈരാറ്റുപേട്ട ഷെറിൻ സ്റ്റാൻലി , ഷിനി ചിറ്റൂർ, വിനോദ് കുമാർ, കിട്ടു ആഷിഖ്, ഷെറിൻ ഖാൻ എന്നിവരാണ് മറ്റുതാരങ്ങൾ.

ഛായാഗ്രഹണം സുനിൽ പ്രേം എൽ.എസ്. എഡിറ്റിംഗ് കെ.ശ്രീനിവാസ്. കലാ സംവിധാനം അർക്കൻ.എസ്. കർമ്മ. മേക്കപ്പ്: ലാൽ കരമന, കോസ്റ്റ്യൂം ഡിസൈൻ ഇന്ദ്രൻസ് ജയൻ. ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ ജിനി സുധാകരൻ. പ്രൊഡക്ഷൻ എക്സിക്കുട്ടീവ് ഷെറിൻ സ്റ്റാൻലി. പ്രൊഡക്ഷൻ കൺടോളർ പ്രതാപൻ കല്ലിയൂർ. മറയൂർ, ഈരാറ്റുപേട്ട, കൊച്ചി എന്നിവിടങ്ങളിലായി ഈ സിനിമയുടെ ചിത്രീകരണം പൂർത്തിയാകും.പി.ആർ.ഓ വാഴൂർ ജോസ്.

# വീൽചെയർ ക്രിക്കറ്റ് പ്രമേയമാക്കി കായ്പോള

## ഏപ്രിൽ ഏഴിന് തിയേറ്ററുകളിലേയ്ക്ക്



കെ.ജി ഷൈജു കഥയും സംവിധാനവും നിർവഹിക്കുന്ന കായ്പോള റിലീസിനൊരുങ്ങുന്നു. ഏപ്രിൽ ഏഴിന് ചിത്രം തിയേറ്ററുകളിലെത്തും. വി.എം.ആർ. ഫിലിംസിന്റെ ബാനറിൽ സജിമോനാണ് ചിത്രം നിർമിക്കുന്നത്.

സജൽ സുദർശൻ, അഞ്ചു കൃഷ്ണ, ഇന്ദ്രൻസ്, കലാഭവൻ ഷാജോൺ, ശ്രീജിത്ത് രവി, ജയിംസ് ഏലിയ, കോഴിക്കോട് ജയരാജ്, ബിനു കുമാർ, ജോർഡി പൂഞ്ഞാർ, സിനോജ് വർഗീസ്, ബബിത ബഷീർ, വൈശാഖ്, ബിജു ജയാനന്ദൻ, മഹിമ, നവീൻ, അനുനാഥ്, പ്രഭ ആർ കൃഷ്ണ, വിദ്യ മാർട്ടിൻ തുടങ്ങിയവർ ചിത്രത്തിലുണ്ട്. സർവൈവൽ സ്പോർട്സ് ഡ്രാമാ ഗണത്തിൽപ്പെടുന്ന ചിത്രം വീൽചെയർ ക്രിക്കറ്റ് പ്രമേയമാക്കിയാണ് ഒരുക്കിയിരിക്കുന്നത്. സംവിധായകൻ ഷൈജുവും ശ്രീകിൽ ശ്രീനിവാസനും ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥ തയ്യാറാക്കിയിരിക്കുന്നത്.

ഷിജു എം. ഭാസ്കർ ഛായാഗ്രഹണം നിർവ്വഹിച്ച ചിത്രത്തിന്റെ ചിത്രസംയോജനം അനിൽ ബോസാണ്. മുരുകൻ കാട്ടാക്കട, മനു മഞ്ജിത്ത്, ഷോബിൻ കണ്ണംകാട്ട്, വിനായക് ശശികുമാർ എന്നിവരുടെ വരികൾക്ക് മെജോ ജോസഫാണ് സംഗീതം പകർന്നിരിക്കുന്നത്.

കലാസംവിധാനം: സുനിൽ കുമാരൻ, പ്രൊഡക്ഷൻ കൺട്രോളർ: ഡിക്സൻ പൊടുത്താസ്, മേക്കപ്പ്: സജി കൊരട്ടി, കോസ്റ്റ്യൂം: ഇർഷാദ് ചെറുകുന്ന്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്: പ്രവീൺ എടവണ്ണപാറ, ദിലീപ് കോതമംഗലം, പ്രൊജക്ട് ഡിസൈനർ: എം.എസ്. ബിനുകുമാർ, അസ്സോസിയേറ്റ് ഡയറക്ടർസ്: ആസിഫ് കുറ്റിപ്പുറം, അമീർ, സംഘട്ടനം: അഷ്റഫ് ഗുരുക്കൾ, കൊറിയോഗ്രാഫി: സജന നാജം, അസിസ്റ്റന്റ് ഡയറക്ടേർസ്: വിഷ്ണു ചിറക്കൽ, രനീഷ് കെ.ആർ, അമൽ കെ. ബാലു, സൗണ്ട് മിക്സിങ്: ജിജു ടി ബ്രൂസ്, കളറിസ്റ്റ്: നികേഷ് രമേഷ്, വി.എഫ്.എക്സ്.: ഷിനു മഡ്ഹൗസ്, പി.ആർ.ഒ: പി. ശിവപ്രസാദ്, സ്റ്റിൽസ്: അനു പള്ളിച്ചൽ, ഡിസൈൻ: ആനന്ദ് രാജേന്ദ്രൻ.

## അതിരപ്പിള്ളിയിലെ വാട്ടർ തീം പാർക്ക് പൂട്ടാൻ ആരോഗ്യവകുപ്പ് നിർദേശം

**ചാലക്കുടി:** അതിരപ്പിള്ളിയിലെ സിൽവർ സ്റ്റോം വാട്ടർ തീം പാർക്ക് അടച്ചുപൂട്ടാൻ ഡിഎംഒയുടെ ഉത്തരവ്. പാർക്കിൽ ജലവിനോദങ്ങളിൽ ഏർപ്പെട്ട വിദ്യാർഥികളിൽ പനിയുടെ ലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് സ്വിമ്മിങ് പൂളുകൾ അടയ്ക്കാൻ ആരോഗ്യവകുപ്പ് നിർദേശം നൽകി.

എറണാകുളം, തൃശൂർ ജില്ലകളിലെ വിദ്യാലയങ്ങളിൽ നിന്നെത്തിയ വിദ്യാർഥികളിലാണ് പനി, കണ്ണിൽ ചുവപ്പ് തുടങ്ങിയ ലക്ഷണങ്ങൾ കാണപ്പെട്ടത്. എറണാകുളം പനങ്ങാട് പ്രവർത്തിക്കുന്ന സ്കൂളിൽ നിന്നും ഉല്ലാസ യാത്രയിൽ പങ്കെടുത്ത വിദ്യാർഥികളിലാണ് രോഗലക്ഷണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്തത്. പനങ്ങാട് സ്കൂളിലെ സമപ്രായക്കാരായ 25 ൽ അധികം വിദ്യാർഥികൾ ചികിത്സ തേടിയതായി സൂചനയുണ്ട്. കഴിഞ്ഞ മാസം അവസാനമാണ് വിദ്യാർഥികൾ വിനോദ കേന്ദ്രം സന്ദർശിച്ചത്. പനങ്ങാട് സ്കൂളിൽ നിന്നും 5 ബസ്സുകളിലാണ് വിദ്യാർഥികൾ എത്തിയത്.

മറ്റു ജില്ലകളിൽ നിന്നുള്ള വിദ്യാർഥികളും വിനോദ സഞ്ചാരികളും നടത്തിയ സന്ദർശനത്തെ കുറിച്ച് ആരോഗ്യ വകുപ്പ് അനേഷണം ആരംഭിച്ചു. പാർക്കിൽ സന്ദർശനം നടത്തിയ വെറ്റിലപ്പാറ നോട്ടർ ഡോം സ്കൂളിലെ വിദ്യാർഥികളിലും പനി ലക്ഷണങ്ങൾ കണ്ടതായി സ്കൂൾ അധികൃതർ ആരോഗ്യ വിഭാഗത്തെ അറിയിച്ചു. ജില്ലയിൽ നിന്നുള്ള വിദഗ്ദ്ധ മെഡിക്കൽ സംഘം പാർക്കിൽ പരിശോധന നടത്തിയ ശേഷമാണ് പൂട്ടാൻ ഉത്തരവിട്ടത്.

# സംസ്ഥാനതല പട്ടയ മേള മാനന്തവാടിയിൽ

**മാനന്തവാടി:** സംസ്ഥാന സർക്കാറിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള സംസ്ഥാന തല പട്ടയമേള മാനന്തവാടിയിൽ റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. മാർച്ച് 7 ന് രാവിലെ 11 ന് ഒണ്ടയങ്ങാടി സെന്റ് മാർട്ടിൻ ചർച്ച് ഗോൾഡൻ ജൂബിലി ഓഡിറ്റോറിയത്തിൽ നടക്കുന്ന മേളയിൽ ജില്ല യിലെ 1203 ഭൂരഹിതരായ കുടുംബങ്ങൾക്ക് പട്ടയം നൽകും. സംസ്ഥാന സർക്കാറിന്റെ മൂന്നാം നൂറ് ദിന പരിപാടിയുടെ ഭാഗമായാണ് പട്ടയമേള സംഘടിപ്പിച്ചിരിക്കുന്നത്. ചടങ്ങിൽ വെളളമുണ്ട വില്ലേജ് ഓഫീസിന്റെ ശിലാ സ്ഥാപനവും മന്ത്രി നിർവ്വഹിക്കും.

എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനവും സ്മാർട്ട് എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ പട്ടയമേള സംഘടിപ്പിക്കുന്നത്. ഭൂരഹിതരായ മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനും സേവനങ്ങൾ സ്മാർട്ടാക്കുന്നതിനും പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കിയതിലൂടെ ജില്ലയിൽ രണ്ട് വർഷം കൊണ്ട് 1978 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ആദ്യ നൂറ് ദിനത്തിൽ 412 പട്ടയങ്ങളും രണ്ടാം നൂറ് ദിന പരിപാടിയിലൂടെ 1566 പട്ടയങ്ങളുമാണ് വിതരണം ചെയ്തത്.

ഇ ഗവേണൻസ് രംഗത്ത് ജില്ലയ്ക്ക് മികച്ച നേട്ടം കൈവരിക്കുന്നതിനായി പ്രവർത്തിച്ചവർക്കുള്ള സർട്ടിഫിക്കറ്റുകൾ വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ വിതരണം ചെയ്യും.

ചടങ്ങിൽ ഒ.ആർ. കേളു എം.എൽ.എ അധ്യക്ഷത വഹിക്കും. എം.എൽ.എമാരായ ഐസി. ബാലകൃഷ്ണൻ, ടി. സിദ്ധീഖ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ, ലാന്റ് റവന്യൂ കമ്മീഷണർ ടി.വി. അനുപമ, ജില്ലാ കളക്ടർ എ.ഗീത തുടങ്ങിയവർ പങ്കെടുക്കും. പത്മശ്രീ പുരസ്ക്കാരം നേടിയ ചെറുവയൽ രാമനെ ചടങ്ങിൽ ആദരിക്കും.

## വേനൽച്ചൂടിൽ വയലുകൾ വറ്റി വരണ്ടു; നെൽക്കർഷകർ ആശങ്കയിൽ

**മുണ്ടേരി:** വേനൽച്ചൂടിൽ വയലുകൾ വറ്റി വരണ്ടതു കാരണം നെൽക്കൃഷി കർഷകർ ആശങ്കയിൽ. തുലാവർഷം കുറഞ്ഞതും വേനൽമഴ ലഭിക്കാത്തതുമാണു കർഷകരെ പ്രതിസന്ധിയിലാക്കിയത്. മുണ്ടേരി, കൈത്തല, പടന്നോട്ട്, ഇടയിലെപീടിക, മുണ്ടേരിമെട്ട വയലുകളിലായി ഒട്ടേറെ പേരുടെ നെൽക്കൃഷി വെള്ളം ലഭിക്കാതെ നശിക്കുന്ന സ്ഥിതിയാണ്.

നേരത്തേ കാട പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ തടയണ നിർമിച്ചെങ്കിലും നിർമാണത്തിലെ അപാകത കർഷകർക്കു തിരിച്ചടിയായി. ആഴക്കൂടുതൽ കാരണം തടയണയിൽ നിന്ന് വെള്ളം വയലിലേക്ക് എത്തിക്കാൻ സാധിക്കാത്ത സ്ഥിതിയാണെന്ന് കർഷകൻ കെ.കൃഷ്ണദാസ് പറഞ്ഞു.

കൂടാതെ ഗെയ്ൽ പദ്ധതിയുടെ പൈപ് ഇടുന്നതിന് വേണ്ടി കുഴിയെടുത്ത ഭാഗത്തുകൂടി നീരുറവ ഒഴുകിപ്പോകുന്നതും പഴശ്ശി കനാൽ വഴി ജലം ലഭിക്കാത്തതും കർഷകരുടെ പ്രതീക്ഷകൾക്കു തിരിച്ചടിയായി. പല സ്ഥലത്തും നെൽ വയൽ വരണ്ട് വിണ്ടു കീറിയ നിലയിലാണ്. വെള്ളം കിട്ടാക്കനി ആയതോടെ വേനൽ കാരണം കരിഞ്ഞ നെല്ല് മൂപ്പെത്തും മുൻപു കൊയ്യേണ്ട സ്ഥിതിയാണ്. ഇതു പ്രദേശത്തെ കാർഷിക മേഖലയെ പ്രതിസന്ധിയിലാക്കുമെന്നു കർഷകർ പറയുന്നു.

## സംസ്ഥാനത്ത് കനത്ത ചൂട് തുടരും

സംസ്ഥാനത്ത് രണ്ട് ദിവസത്തേക്ക് കൂടി കടുത്ത ചൂട് തുടരും. പകൽ താപനില 39 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇത് സാധാരണയെക്കാൾ അഞ്ച് ഡിഗ്രി കൂടുതലാണ്. കണ്ണൂർ, കാസർകോട് ജില്ലകൾക്കുള്ള ജാഗ്രതാ നിർദേശം പിൻവലിച്ചിട്ടില്ല. സൂര്യാതപം, നിർജലീകരണം എന്നിവ വരാതെ ശ്രദ്ധിക്കണമെന്നും രണ്ടുദിവസത്തിനകം ചൂട് കുറയുമെന്നും കാലാവസ്ഥാവകുപ്പ് അറിയിച്ചു.

മാർച്ചിന്റെ തുടക്കത്തിൽ തന്നെ ചൂട് ഇത്രയധികമായാൽ മുന്നോട്ട് എന്താകുമെന്ന് വലിയ ആശങ്ക നിലനിൽക്കുന്നു. ഫെബ്രുവരിയിൽ രാജ്യത്ത് കൂടുതൽ ചൂടനുഭവപ്പെട്ട സ്ഥലങ്ങളിൽ കണ്ണൂരുമുണ്ട്. ജില്ലയിൽ തുടർച്ചയായ ദിവസങ്ങളിൽ 35 ഡിഗ്രി സെൽഷ്യസിനു മുകളിലാണു താപനില.കണ്ണൂർ, കാസർകോട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രത്യേക ജാഗ്രത നിർദേശം പുറപ്പെടുവിച്ചു. ഈ ജില്ലകളിൽ ഇന്ന് ഉയർന്ന താപനില 36 മുതൽ 39 ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.  ഇത് സാധാരണ വേനൽ!ച്ചൂടിനെക്കാൾ 3 മുതൽ 5 വരെ ഡിഗ്രി അധികമാണ്.

തിരുവനന്തപുരം 32.8 എന്നിങ്ങനെയായിരുന്നു ഉയർന്ന താപനില. ഇതു തുറന്ന സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവരെ വലയ്ക്കുന്നുണ്ട്. സൂര്യാഘാത സാധ്യത കണ്ട് ലേബർ കമ്മിഷണർ തൊഴിൽ സമയം പുനഃക്രമീകരിക്കാൻ നിർദേശിച്ചിരുന്നു. മലബാർ മേഖലയിൽ പലയിടത്തും രാത്രി കാലങ്ങളിലും അസഹനീയമായ ചൂടാണ് അനുഭവപ്പെടുന്നത്. രാത്രി താപനിലയും പകൽ താപനിലയും തമ്മിൽ വലിയ അന്തരം അനുഭവിക്കുന്നുണ്ട്. 10 ഡിഗ്രിയിലേറെ വ്യത്യാസം അനുഭവപ്പെട്ടാൽ തന്നെ അതു വളരെ വരണ്ട കാലാവസ്ഥയുള്ള സ്ഥലങ്ങളിലേതിനു സമാനമാകും.

മൂന്നാറിൽ 22.91 ഡിഗ്രി സെൽഷ്യസ് ഇന്നലെ രേഖപ്പെടുത്തി. രാവിലെ 11 മുതൽ വൈകിട്ട് 3 വരെ നേരിട്ട് വെയിൽ ഏൽക്കുന്നത് കഴിയുന്നതും ഒഴിവാക്കണം.  നിർജലീകരണവും സൂര്യാതപവും ഉണ്ടാകാതെ ശ്രദ്ധിക്കണം.

## ചെമ്മനാട് ജലവിതരണ പദ്ധതി ടാങ്കുകളുടെ നിർമാണം ഉടൻ തുടങ്ങും: മന്ത്രി റോഷി

**കോളിയടുക്കം:** ശുദ്ധജല പദ്ധതിയുടെ ഭാഗമായി ചെമ്മനാട് പഞ്ചായത്തിൽ ജലം സംഭരിക്കുന്നതിനുള്ള ടാങ്കുകളുടെ നിർമാണം ഉടൻ തുടങ്ങുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. കിഫ്ബിയുടെ സഹായത്തോടെ കാസർകോട് നഗരസഭയ്ക്കും ചെമ്മനാട് പഞ്ചായത്തിനുമായുള്ള ജലവിതരണ പദ്ധതിക്കായി 76 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ചെമ്മനാട് പഞ്ചായത്തിന് മാത്രമായി 21.24 കോടി രൂപയും കാസർകോട് നഗരസഭയ്ക്കും ചെമ്മനാട് പഞ്ചായത്ത് എന്നിവയ്ക്കുള്ള നിർമാണത്തിനു വേണ്ടി  42.35 കോടി രൂപയും നഗരസഭയ്ക്കു വേണ്ടി മാത്രം 12.41 കോടി രൂപയുമാണു നീക്കി വച്ചിട്ടുള്ളത്.

ബാവിക്കര പദ്ധതിയിൽ നിന്ന് വെള്ളം എടുത്ത് ചെമ്മനാട് പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ശുദ്ധജലം നൽകാനുള്ള പദ്ധതിയാണിത്. ദേളംകുന്നാപാറ, ചട്ടഞ്ചാൽകുന്നാറ എന്നിവിടങ്ങളിൽ ടാങ്ക് നിർമിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസമാണു പദ്ധതി വൈകാൻ കാരണം. ചട്ടഞ്ചാൽ കുന്നാറയിലെ സ്ഥലം സ്വമേധയാ തരാൻ ഉടമസ്ഥൻ തയാറാകാത്തതും പദ്ധതി പ്രഖ്യാപിച്ചതിനു ശേഷം അവിടെ ഓഡിറ്റോറിയം നിർമിക്കാൻ അനുമതി നൽകിയതും ഭൂമി ഏറ്റെടുക്കൽ നടപടി വൈകാൻ കാരണമായി. നിയമസഭയിൽ സി.എച്ച്.കുഞ്ഞമ്പു എംഎൽഎയുടെ ചോദ്യത്തിനു മറുപടിയായിട്ടാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.



iPrarthana®
വഴിപാടുകൾ ഇനി മുടങ്ങില്ല!
നിങ്ങളുടെ വിശ്വാസം കാക്കാൻ ഞങ്ങളെ വിശ്വസിച്ചതിന് നന്ദി!
ദക്ഷിണേന്ത്യയിലെ ആയിരത്തിലധികം ക്ഷേത്രങ്ങളിലും പതിനായിരകണക്കിന് വിശ്വാസികളുമായി സേവനത്തിൽ ഐ-പ്രാർത്ഥന എന്നും മുൻപന്തിയിൽ
https://iprarthana.net/
ഐ-പ്രാർത്ഥന ആപ്പിലൂടെയും വെബ്സൈറ്റിലൂടെയും നിങ്ങളുടെ ഇഷ്ടക്ഷേത്രങ്ങളിലെ വഴിപാടുകൾ ബുക്ക് ചെയ്യാവുന്നതാണ്
ക്ഷേത്രഭാരവാഹികളുടെ ശ്രദ്ധയ്ക്ക്
ക്ഷേത്രങ്ങളിലെ വഴിപാടുകളുടെ വരവ് ചിലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനും/വഴിപാട് ബുക്കിംഗിനുമായുള്ള ഐ-പ്രാർത്ഥനയുടെ ERP സോഫ്റ്റ്‌വെയർ ആകർഷകമായ നിരക്കിൽ ലഭ്യമാണ്.
Visit our Website/ Download our App:
GET IT ON Google Play
CONTACT US
1800 120 66 7777 (English & Malayalam)
+91 9061 452 000
prarthana@imayas.net

# ബ്രഹ്മപുരം തീപിടിത്തം: നിയന്ത്രണ വിധേയം; പൂർണ്ണമായും അണയക്കാൻ ഊർജ്ജിത ശ്രമം

COLLECTORATE ERNAKULAM

**കൊച്ചി:** ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടിത്തം നിയന്ത്രണ വിധേയമായതായി മന്ത്രി പി.രാജീവ് പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ഉന്നത തല യോഗത്തിന് ശേഷം സംസാരിക്കു കയായിരുന്നു അദ്ദേഹം.മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദേശ ത്തെ തുടർന്ന് ചേർന്ന ഉന്നതതല യോഗത്തിൽ മന്ത്രി പി. രാജീവിനെ കൂടാതെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്, തദ്ദേശവകുപ്പ് മന്ത്രി എം.ബി. രാജേഷ്, മേയർ എം. അനിൽ കുമാർ, എം.എൽ.എമാരായ പി.വി. ശ്രീനിജിൻ, ടി.ജെ. വിനോദ്, ഉമ തോമസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ ഡോ. രേണു രാജ്, കൊച്ചി സിറ്റി പോലീസ് കമ്മീഷണർ കെ. സേതുരാമൻ, സബ് കളക്ടർ പി. വിഷ്ണു രാജ്, വടവുകോട്പുത്തൻകുരിശ് പഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. തീ അണയ്ക്കു ന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും ഒരുക്കി. രണ്ട് വലിയ ഹൈപവർ ഡീ വാട്ടറിംഗ് പമ്പ് സെറ്റുകൾ ഉപയോഗിച്ച് കടമ്പ്രയാറിൽ നിന്ന് വെള്ളമെടുത്ത് പമ്പ് ചെയ്യുകയാണ്. ഫ്ളോട്ടിംഗ് ജെസിബി യുടെ സഹായത്തോടെ കടമ്പ്രയാർ വൃത്തിയാ ക്കിയാണ് ജലമെടു ക്കുന്നത്. 32 ഫയർ എൻജിനുകളാണ് തീയണയ്ക്കുന്നത്. കൂടുതൽ പോർട്ടബിൾ പമ്പുകൾ കൂടി സജ്ജീകരിക്കും. കടമ്പ്രയാറിൽ നിന്ന് വെള്ളമെടുക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടായാൽ എഫ്.എ.സി.ടി.യിലെ തടാകത്തിൽ നിന്നെടുക്കും.നിലവിലെ പ്രശ്നം പരിഹരിച്ചാൽ ഉടൻ പ്ലാന്റിലേക്കുള്ള റോഡ് കൊച്ചി കോർപ്പറേഷൻ അടിയന്തര പ്രാധാന്യത്തോടെ ഉപയോഗക്ഷമമാക്കും. മാലിന്യം ശേഖരിക്കൽ പുനരാരംഭിക്കുന്നതുവരെ മാലിന്യ സംസ്കര ണത്തിന് താത്കാലിക സംവിധാനം ഏർപ്പെടു ത്തും. കോർപ്പറേഷന്റെ ശുപാർശ പ്രകാരം ജില്ലാ കളക്ടർ മുൻ കൈയെടു ത്തായിരിക്കും ഇക്കാര്യത്തിലുള്ള നടപടി.ഭാവിയിൽ തീപിടിത്തം ഉണ്ടായാൽ നിയന്ത്രി ക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ ഏകോപി പ്പിക്കാൻ കൊച്ചി കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ഏകോപന സമിതി രൂപീകരിച്ചു. കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി, ജില്ലാ ഫയർ ഓഫീസർ, തൃക്കാക്കര അസിസ്റ്റന്റ് കമ്മീഷണർ, അഡീഷണൽ ഡി എം ഒ, ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ, വടവുകോട് പുത്തൻകുരിശ് പഞ്ചായത്ത് സെക്രട്ടറി, മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ, ബി.പി.സി.എൽ, സിയാൽ, കെ.എസ്.ഇ.ബി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിയാണ് ബ്രഹ്മപുരത്ത് അടിയന്തര സാഹചര്യങ്ങളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സമിതി രൂപീകരിച്ചത്.കൂടാതെ മാലിന്യ പ്ലാന്റ് പ്രവർത്തിക്കുന്ന വടവുകോട് പുത്തൻകുരിശ് പഞ്ചായത്തിന്റെ ആശങ്കകൾ പരിഹരിക്കാനായി കോർപ്പറേഷൻ മേയർ, കുന്നത്തുനാട് എം.എൽ.എ, ജില്ലാ കളക്ടർ, പഞ്ചായത്ത് പ്രസിഡന്റ്, കോർപ്പറേഷന്റെയും പഞ്ചായത്തിന്റെയും സെക്രട്ടറിമാർ എന്നിവരടങ്ങുന്ന സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തും.പ്ലാന്റിൽ ഇടയ്ക്കിടെ വെള്ളം സ്പ്രേ ചെയ്യുന്നതിനുള്ള സംവിധാനവും കോർപ്പ റേഷൻ ഏർപ്പെടുത്തും. പ്ലാന്റിൽ നടന്നു വന്നിരുന്ന ബയോ മൈനിംഗുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കാൻ മന്ത്രി എം.ബി. രാജേഷിന്റെ നേതൃത്വത്തിൽ യോഗം ചേരും. ബയോ മൈനിംഗിനു ശേഷമുള്ള വസ്തു ക്കൾ പ്ലാന്റിൽ നിന്നു മാറ്റുന്നില്ലെന്ന പരാതി പരിശോധിച്ച് വീഴ്ചയുണ്ടെങ്കിൽ നടപടി സ്വീകരിക്കും. മാലിന്യ പ്ലാന്റിൽ സിസിടിവിയുടെ പ്രവർത്തനവും പരിശോധിക്കും. ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു.

# പ്രൈം വോളിബോൾ ലീഗ്:അഹമ്മദാബാദ് ഡിഫൻഡേഴ്സ് ചാമ്പ്യന്മാർ

RuPay Prime Volleyball

**കൊച്ചി:** അഞ്ചുസെറ്റ് ത്രില്ലറിൽ ബംഗളൂരു ടോർപ്പിഡോസിനെ തോൽപ്പിച്ച് അഹമ്മദാബാദ് ഡിഫൻഡേഴ്സിന് റുപേ പ്രൈം വോളിബോൾ ലീഗിൽ ചാമ്പ്യൻമാരായി.കൊച്ചി രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ 3-2ന് ജയിച്ചാണ് ഡിഫൻഡേഴ്സ് കന്നിക്കിരീടം സന്തമാക്കിയത്. സ്കോർ: 15-7, 15-10, 18-20, 13-15, 15-10. ആദ്യസീസണിന്റെ ഫൈനലിൽ ഡിഫൻഡേഴ്സ് കൊൽക്കത്ത തണ്ടർബോൾട്ട്സിനോട് തോറ്റിരുന്നു.ഇരു ടീമുകളും സ്പൈക്കുകളോടെ ഒപ്പത്തിനൊപ്പമാണ് കളി തുടങ്ങിയത്. എന്നാൽ പതുക്കെ ബംഗളൂരു കളം കൈപ്പിടിയിലാക്കി. പങ്കജ് മിന്നുന്ന സ്പൈക്കുമായി ലീഡൊരുക്കി. എന്നാൽ അഹമ്മദാബാദ് ഗംഭീരമായി തിരിച്ചെത്തി. ഡാനിയൽ മൊതാസെദിയുടെ വമ്പൻ ബ്ലോക്കുകൾ അഹമ്മദാബാദിനെ മുന്നിൽ കൊണ്ടുവന്നു. ഒടുവിൽ 15-7ന് ആധികാരികമായി അഹമ്മദാബാദ് സെറ്റ് സ്വന്തമാക്കി.രണ്ടാം സെറ്റിലും മികച്ച തുടക്കമായിരുന്നു അഹമ്മദാബാദിന്. അംഗമുത്തുവിന്റെ സ്പൈക്കിന് ട്രിപ്പിൾ ബ്ലോക്കുമായി ബംഗളൂരു തടയിടയാൻ ശ്രമിച്ചെങ്കിലും അത് പുറത്തേക്കായി. പങ്കജിലൂടെ ബംഗളൂരു തിരിച്ചുവരാൻ ശ്രമിച്ചു. കളി ഒപ്പത്തിനൊപ്പം മുന്നേറി. ഇടയ്ക്ക് ക്യാപ്റ്റൻ പങ്കജിന്റെ സ്പൈക്കിൽ ബംഗളൂരു തിരിച്ചുവരാൻ ശ്രമിച്ചെങ്കിലും അംഗമുത്തുവിന്റെ മിന്നുന്ന നീക്കങ്ങളിൽ പിടിച്ചുനിൽക്കാനായില്ല. രണ്ടാം സെറ്റും 15-10ന് അഹമ്മദാബാദ് നേടി.മൂന്നാം സെറ്റിൽ തുടർച്ചയായി ആറ് പോയിന്റുകൾ നേടി ബംഗളൂരു മുന്നേറി. ആക്രണാത്മകമായി കളിച്ച അവർ അഹമ്മദാബാദിന് ഒരു അവസരവും നൽകിയില്ല. സേതുവിന്റെ സൂപ്പർ പോയിന്റിലൂടെ നേട്ടം വർധിപ്പിച്ചു. നന്ദയുടെ സ്പൈക്കിലൂടെയായിരുന്നു അഹമ്മദാബാദിന്റെ ആദ്യ പോയിന്റ്. പിന്നാലെ തുടർച്ചയായ മൂന്നു പോയിന്റുകളുമായി അഹമ്മദാബാദ് തിരിച്ചുവന്നു. എന്നാൽ മത്സരത്തിൽ ബംഗളൂരു നിയന്ത്രണം നിലനിർത്തി.എന്നാൽ അഹമ്മദാബാദും ശക്തമായ കളി പുറത്തെടുത്തതോടെ സെറ്റ് നേടാൻ ഇഞ്ചോടിഞ്ച് പോരാട്ടമായി .സ്കോർ 17-17. സേതുവിന്റെ മികവിൽ ബംഗളൂരു സ്കോർ 18-17ൽ എത്തിച്ചു. കളി ആവേശകരമായി മുന്നേറി. എന്നാൽ സന്തോഷിന്റെ സ്പൈക്ക് ദിശ തെറ്റിയതോടെ സെറ്റ് ബംഗളൂരുവിന്റെ കൈയിലായി. 20-18ന്റെ ആവേശജയം.നാലാം സെറ്റിൽ തുടർച്ചയായ മൂന്ന് പോയിന്റുകളുമായി അഹമ്മദാബാദ് തുടങ്ങി. അംഗമുത്തു നിറഞ്ഞാടിയപ്പോൾ സ്കോർ 5-3 എന്ന നിലയിലായി.പങ്കജ് ശർമയിലൂടെ ബംഗളൂരുവും ആക്രമിച്ചു. അലിറെസ അബലൂച്ചും ചേർന്നതോടെ ബംഗളൂരു ലീഡ് കുറച്ചു. എന്നാൽ മൊയെതാസെദിയുടെ കണ്ണഞ്ചിപ്പിക്കുന്ന സ്പൈക്ക് കളിയിൽ അഹമ്മദാബാദിന്റെ നിയന്ത്രണം നിലനിർത്തി. ആവേശകരമായ റാലിക്കൊടുവിൽ സന്തോഷിന്റെ പിഴവിലൂടെ ബംഗളൂരു ഒപ്പമെത്തി. സന്തോഷും മനോജും ചേർന്നുള്ള ഇരട്ടബ്ലോക്ക് അബലൂച്ചിനെ തടഞ്ഞപ്പോൾ അഹമ്മദാബാദ് വീണ്ടും സെറ്റിൽ നിയന്ത്രണംനേടി. എന്നാൽ സൂപ്പർ പോയിന്റ് അവസരത്തിൽ അംഗമുത്തുവിന് വലിയ പിഴവ് സംഭവിച്ചതൊടെ അഹമ്മദാബാദ് 11-12ന് പിന്നിലായി. അംഗമുത്തുവിന്റെ സ്പൈക്ക് തടഞ്ഞ്അഞ്ചാം സെറ്റിൽ അംഗമുത്തുവിന്റെ സ്പൈക്കുകളിലൂടെ അഹമ്മദാബാദ് 5-2ന് ലീഡ് നേടി. അവരുടെ ബ്ലൊക്കിങ്ങും മികച്ചതായി. സേതുവിന്റെ പ്രതിരോധ മികവിലൂടെ ബംഗളൂരു ലീഡ് കുറയ്ക്കാൻ തുടങ്ങി. എന്നാൽ കഴിഞ്ഞ രണ്ട് സെറ്റുകളിലും സംഭവിച്ച പിഴവ് ആവർത്തിക്കാതിരിക്കാൻ അഹമ്മദാബാദ് ശ്രമിച്ചു. അവർ 11-7ന് ലീഡുയർത്തി. സന്തോഷിന്റെ സൂപ്പർ സെർവിൽ കളിപിടിച്ച അവർ 15-10ന് വിജയവും കിരീടവും സ്വന്തമാക്കി.

# വിപിഎസ് ലേക്ഷോറിൽ വനിതകളുടെ ഹെൽത്ത് ചെക്ക് അപ്പ് പാക്കേജിൽ ഇളവ്

**കൊച്ചി:** അന്താരാഷ്ട്ര വനിതാദിനം പ്രമാണിച്ച് വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ സ്ത്രീകൾക്കായി ഹെൽത്ത് ചെക്ക് അപ്പ് പാക്കേജുകൾ പ്രഖ്യാപിച്ചു. സ്ത്രീകൾക്കും കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്കുമായി പ്രത്യേക പാക്കേജുകൾ 50% ഇളവോടെയാണ് ലഭിക്കുക.

എഫ്ബിഎസ്, ലിപിഡ് പ്രൊഫൈൽ, എസ്. ക്രിയാറ്റിനിൻ, വയറിന്റെ അൾട്രാസൗണ്ട് സ്കാൻ, പാപ് സ്മിയർ, വൈറ്റമിൻ ഡി 3, സിബിസി, യുആർഇ, ടിഎസ്എച്ച്, മാമോഗ്രാഫി/സോണോമാമോഗ്രാഫി, ഗൈനക്കോളജി, ഡെർമറ്റോളജി, ഡയറ്റീഷ്യൻ കൺസൾട്ടേഷൻ എന്നിവയടങ്ങിയ സ്ത്രീകളുടെ പാക്കേജിന് 2499 രൂപയാണ് നിരക്ക്. സിബിസി, യുആർഇ, വൈറ്റമിൻ ഡി 3, എസ്. ടിഎസ്എച്ച്, എസ്>എൽഎച്ച്, എസ്.എഫ്എസ്എച്ച്, വയറിന്റെ അൾട്രാസൗണ്ട് സ്കാൻ, ഗൈനക്കോളജി, ഡെർമറ്റോളജി, ഡയറ്റീഷ്യൻ കൺസൾട്ടേഷൻ എന്നിവയടങ്ങിയ കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്കുള്ള പാക്കേജ് 1499 രൂപയ്ക്ക് ലഭിക്കും. മാർച്ച് 31 വരെയാണ് പാക്കേജിന്റെ കാലാവധി. ബുക്കിംഗിന് 75590 34000 എന്ന നമ്പറിൽ വിളിക്കുക.

# നിർമിതബുദ്ധി ശിൽപശാല

**കൊച്ചി:** പത്രപ്രവർത്തനമേഖലയിൽ നിർമിത ബുദ്ധിയും മെഷീൻ ലേണിങ്ങും അടക്കമുള്ള സാങ്കേതിക വിദ്യകളുടെ ഉപയോഗം സംബന്ധിച്ച് കേരള മീഡിയ അക്കാദമി ശില്പശാല സംഘടിപ്പിക്കുന്നു. മാർച്ച് 11 ന് രാവിലെ 9.30 മുതൽ കൊച്ചി, കാക്കനാട് മീഡിയ അക്കാദമി ഹാളിൽ നടക്കുന്ന ശിൽപശാലയിൽ പത്രപ്രവർത്തകർക്കും മീഡിയ അധ്യാപകർക്കുമാണ് പങ്കെടുക്കാൻ അവസരം. കേരള പത്രപ്രവർത്തക യൂണിയന്റെയും മാതൃഭൂമി മീഡിയ സ്കൂളിന്റെയും സഹകരണത്തോടെയാണ് ശിൽപശാല സംഘടിപ്പിച്ചിട്ടുള്ളത്. കേരള ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥ് പരിപാടി ഉത്ഘാടനം ചെയ്യും. അക്കാദമി ചെയർമാൻ ആർ എസ് ബാബു അധ്യക്ഷത വഹിക്കും. നിർമ്മിതബുദ്ധിയുടെ ഉപയോഗം പത്രപ്രവർത്തനമേഖലയിൽ വ്യാപകമാവുകയാണ്. സ്റ്റോറികൾ തയ്യാറാക്കുന്നതിനും ഡാറ്റകളുടെ അപഗ്രഥനത്തിനും ഭാഷാപരമായ ന്യൂനതകൾ പരിഹരിക്കുന്നതിനുമൊക്കെ നിർമ്മിതബുദ്ധി ആപ്ലിക്കേഷനുകൾ ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ട്. പത്രപ്രവർത്തകർക്ക് കൂടുതൽ വേഗതയോടെയും സൂക്ഷ്മതയോടെയും പ്രവർത്തിക്കാൻ ഇവ അവസരം നൽകുന്നു. നിർമ്മിതബുദ്ധിയെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും ഇതുപയോഗിച്ചുള്ള ടൂളുകളിൽ പ്രായോഗിക പരിശീലനം നേടാനും കേരളത്തിലെ പത്രപ്രവർത്തകർക്ക് അവസരമൊരുക്കുന്നതാണ് ശിൽപശാല. മേഖലയിലെ വിദഗ്ദ്ധരാണ് ക്ലാസ്സുകൾ എടുക്കുക. പരിശീലനം പൂർണ്ണമായും സൗജന്യമാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് അവസരം. രജിസ്റ്റർ ചെയ്യുന്നതിന് www.keralamediaacademy.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## റെസിഡൻഷ്യൽ സംരംഭകത്വ വർക് ഷോപ്പ്

**കൊച്ചി:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻറപ്രണർഷിപ്പ് ഡവലപ്മെന്റ് (KIED), വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെറുകിട സംരഭകർക്ക് തങ്ങളുടെ സംരംഭങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അടുത്ത ഘട്ടത്തിലേക്ക് വളർത്തുന്നതിനും സഹായിക്കുന്ന പരിശീലന കളരി നടത്തുന്നു. ആറ് ദിവസം നീുനിൽക്കുന്ന റെസിഡൻഷ്യൽ സംരംഭകത്വ വർക്ഷോപ്പ് മാർച്ച് 13 മുതൽ 18 വരെ എറണാകുളം കീഡ് ക്യാമ്പസിലാണ് സംഘടിപ്പിക്കുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന പരിശീലനത്തിൽ വിദഗ്ദ്ധർ നയിക്കുന്ന ക്ലാസുകളുമാകും സർട്ടിഫിക്കേഷൻ, ഭക്ഷണം ഉൾപ്പടെ 1,000/ രൂപയാണ് ഫീസ്. താൽപര്യമുള്ളവർ ംംം.സശലറ.ശിളീ യിൽ ട്രെയ്നിങ് സെക്ഷനിൽ ഓൺലൈനായി മാർച്ച് 8ന് മുൻപ് അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0484 2532890 / 2550322.

## കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരളാ സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും സംയുക്തമായി ആരംഭിക്കുന്ന കേരള ഗവണ്മെന്റ് പി.എസ്.സി അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി.ഇ. പ്രീ പ്രസ്സ് ഓപ്പറേഷൻ/ പ്രസ്സ് വർക്ക്/ പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആന്റ് ഫിനീഷിംഗ് 2023-24 വർഷം ആരംഭിക്കുന്ന കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി. പാസ്സായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസാനുകൂല്യം ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി/മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പ1ന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിക്കു വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും. അപേക്ഷാ ഫോറം, പ്രോസ്പെക്ടസ് എന്നിവ സെന്ററിന്റെ പരിശീലന വിഭാഗത്തിൽനിന്ന് 100 രൂപയ്ക്ക് നേരിട്ടും 135 രൂപയുടെ മണി ഓർഡറായി ഓഫീസർ ഇൻ ചാർജ്ജ്, കേരളാ സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, എൽ.പി.സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ., ആലുവ683108 വിലാസത്തിൽ അയച്ചാൽ തപാൽ മാർഗ്ഗവും ലഭ്യമാകും.വിശദവിവരങ്ങൾ പരിശീലന വിഭാഗത്തിലെ (0484 2605322, 9605022555) എന്നീ ഫോൺ നമ്പറുകളിൽ ലഭ്യമാകും. പൂരിപ്പിച്ച അപേക്ഷ ലഭിക്കേ അവസാന തീയതി ഏപ്രിൽ അഞ്ച്.

## വിഷ്വൽ ആർട്സ് പി. എച്ച്. ഡി. അഭിമുഖം മാർച്ച് ആറിന്

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ വിഷ്വൽ ആർട്സ് വിഭാഗത്തിൽ പി. എച്ച്. ഡി. പ്രവേശനത്തിന് അപേക്ഷിച്ചിരിക്കുന്നവർക്കായുള്ള അഭിമുഖം മാർച്ച് ആറിന് രാവിലെ 11.30ന് നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു.

# വായ്പകൾ ഉൽപ്പാദനക്ഷമമായി വിനിയോഗിക്കണം: മന്ത്രി പി. രാജീവ്

**കൊച്ചി:** വിവിധ ഏജൻസികളുടെ വായ്പകൾ ഉൽപ്പാദനക്ഷമമായി വിനിയോഗിക്കാൻ കഴിയണമെന്ന് മന്ത്രി പി. രാജീവ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ തൃക്കാക്കര നഗരസഭ വെസ്റ്റ് സി.ഡി.എസിലെ കുടുംബശ്രീ സംഘങ്ങൾക്കുള്ള മൈക്രോ ക്രെഡിറ്റ് വായ്പാ വിതരണത്തിന്റെ ഉദ്ഘാടനം തൃക്കാക്കര കമ്മ്യൂണിറ്റി ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

വായ്പകൾ സംരംഭങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാൻ വായ്പകൾ നൽകുന്ന എല്ലാ കോർപ്പറേഷനുകളെയും യോഗം വിളിക്കാൻ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. വായ്പകൾ നൽകുന്നതിനു മുൻപായി സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കണം. ചെറു സംരംഭങ്ങൾക്ക് വലിയ സാധ്യതയുണ്ട്. വായ്പകൾ നൽകുമ്പോൾ അതിന്റെ ഭാഗമായി സംരംഭങ്ങൾ ആരംഭിക്കണം. വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സഹകരിച്ച് കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.സംരംഭക വർഷത്തിന്റെ ഭാഗമായി ആരംഭിച്ച 1,34,000 സംരംഭങ്ങളിൽ 41% സ്ത്രീ സംരംഭകരാണ്.

നഗരസഭ, പഞ്ചായത്ത് മേഖലയിൽ മാത്രം ഈ വർഷം 95000 സംരംഭങ്ങൾ ലൈസൻസ് എടുത്തു. ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ വിജയത്തിന് പ്രധാന കാരണം തദ്ദേശ സ്വയംഭരണ വകുപ്പും വ്യവസായ വകുപ്പും തമ്മിലുള്ള ഏകോപനമാണ്. സംരംഭകരുടെ പരാതികൾ പരിഗണിക്കാൻ 17 വകുപ്പുകളെ സംയോജിപ്പിച്ചുള്ള പരാതി പരിഹാര കമ്മിറ്റിയും ആരംഭിച്ചു. പരാതികൾക്ക് 30 ദിവസത്തിനകം പരിഹാരമുണ്ടാകും. എടുത്ത തീരുമാനങ്ങൾ 15 ദിവസത്തിനകം നടപ്പാക്കണം. ഇല്ലെങ്കിൽ 250 മുതൽ 10000 രൂപ വരെ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്ന് പിഴ ഈടാക്കും. സംരംഭങ്ങളെ സംബന്ധിച്ച പരാതികൾക്ക് മാത്രമായി നോഡൽ ഓഫീസറെയും നിയമിച്ചു. കെസ്വിഫ്റ്റ് വഴി അനുമതി നേടിയ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കാത്ത ഉദ്യോഗസ്ഥനെതിരേ നടപടി സ്വീകരിക്കാനും തീരുമാനിച്ചു.

ഇത്തരത്തിൽ സംരംഭങ്ങൾ തുടങ്ങാൻ ഏറ്റവും അനുകൂലമായ സാഹചര്യമാണിപ്പോഴുള്ളതെന്നും മന്ത്രി പറഞ്ഞു.ഈ സാമ്പത്തികവർഷം 713 കോടി രൂപയാണ് പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വായ്പയായി നൽകിയത്. തൃക്കാക്കര വെസ്റ്റ് സിഡിഎസിലെ 41 കുടുംബശ്രീ സംഘങ്ങൾക്കായി മൂന്ന് കോടി രൂപയാണ് മൈക്രോ ക്രെഡിറ്റ് വായ്പയായി നൽകുന്നത്. മൂന്ന് കോടി രൂപയുടെ ചെക്ക് സിഡിഎസ് ചെയർപേഴ്സൺ ജാൻസി ജോർജിന് മന്ത്രി കൈമാറി.തൃക്കാക്കര നഗരസഭ വൈസ് ചെയർപേഴ്സൺ എ.എ. ഇബ്രാഹിംകുട്ടി അധ്യക്ഷത വഹിച്ചു. സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാരായ സ്മിത സണ്ണി, സുനീറ ഫിറോസ്, ഉണ്ണി കാക്കനാട്, സോമി റെജി, നൗഷാദ് പല്ലച്ചി, നഗരസഭ സെക്രട്ടറി ബി. അനിൽകുമാർ, കുടുംബശ്രീ ജില്ലാ മിഷൻ കോഓഡിനേറ്റർ ടി.എം. റജീന, സിഡിഎസ് മെംബർ സെക്രട്ടറി കെ.എ. അബ്ദുൾ സത്താർ, സിഡിഎസ് വൈസ് ചെയർപേഴ്സൺ സബിത ഗോപകുമാർ, സിഡിഎസ് ഉപസമിതി കൺവീനർമാരായ ഷീജ ഗോകുൽദാസ്, ഹസീല നസീർ, ഷൈനി ബിജു, അനു പ്രശാന്ത്, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയർമാൻ അഡ്വ. കെ. പ്രസാദ്, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഡയറക്ടർ അഡ്വ. ഉദയൻ പൈനാക്കി, അസിസ്റ്റന്റ് ജനറൽ മാനേജർ പി.എൻ. വേണുഗോപാൽ തുടങ്ങിയവർ പങ്കെടുത്തു.

### പാചകവാതക വില വർധന

# ഹോസ്റ്റൽ ഓണേഴ്സ് അസ്സോസിയേഷൻ ഐ.ഒ.സി ഉപരോധിച്ചു

**കൊച്ചി:** എണ്ണക്കമ്പനികൾക്ക് അമിത ലാഭം കൊയ്യാൻ പാചകവാതകത്തിന്റെ വില കുത്തനെ ഉയർത്തിയ നടപടി കേന്ദ്ര സർക്കാർ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർസ്സോസിയേഷൻ (എച്ച്.ഒ.ഡബ്ല്യൂ.എ) ന്റെ നേതൃത്വത്തിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ(ഐ.ഒ.സി)യുടെ എറണാകുളം പനമ്പിള്ളി നഗറിലെ ഓഫിസിനു മുന്നിൽ ഉപരോധ സമരം നടത്തി.കടവന്ത്രയിൽ നിന്നും സിലിണ്ടർ ശവമഞ്ചുവമായി ആരംഭിച്ച പ്രതിഷേധ പ്രകടനത്തിൽ അസ്സോസിയേഷന്റെ നിരവധി പ്രവർത്തകർ പങ്കെടുത്തു.തുടർന്ന് ഐ.ഒ.സി ഓഫിസിനു മുന്നിൽ നടന്ന ഉപരോധ സമരം സി.ഐ.ടി.യു എറണാകുളം ജില്ലാ സെക്രട്ടറി കെ വി മനോജ് ഉദ്ഘാടനം ചെയ്തു.പാചകവാതകത്തിന്റെ വില കുത്തനെ ഉയർത്തി കേന്ദ്രസർക്കാർ സാധാരണക്കാരുടെ നടുവൊടിച്ചിരിക്കുകയാണെന്നും വർധിപ്പിച്ച വില അടിയന്തരമായി പിൻവലിക്കാൻ കേന്ദ്രസർക്കാരും എണ്ണക്കമ്പനികളും നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസ്സോസിയേഷൻ പ്രസിഡന്റ് പി.പ1 ഫൈസൽ അധ്യക്ഷത വഹിച്ചു.സെക്രട്ടറി പി.കെ സെയ്ത് മുഹമ്മദ്,വൈസ് പ്രസിഡന്റ് കെ വി സാബു,ട്രഷറർ രത്നമ്മ,ജോയിന്റ് സെക്രട്ടറി നസിം ഹംസ,ജബ്ബാർ,സുലൈമാൻ തുടങ്ങിയവർ പ്രസംഗിച്ചു.

HOWA
ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസോ
ഷൻ (HOWA)
ശവ മഞ്ചയാത്ര
പ്രതിഷേധ
പനമ്പള്ളിനഗർ IOC ഓഫീസ്
മാർച്ച് 4
3pm
04, 2023, 16:24

**പാചകവാതകത്തിന്റെ വില കുത്തനെ ഉയർത്തിയ നടപടി കേന്ദ്രസർക്കാർ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഹോസ്റ്റൽ ഓണേഴ്സ് വെൽഫെയർ അസ്സോസിയേഷന്റെ നേതൃത്വത്തിൽ ഗ്യാസ് സിലിണ്ടർ ശവമഞ്ചവുമായി എറണാകുളം പനമ്പിള്ളി നഗറിലെ ഐ.ഒ.സി ഓഫിസ് ഉപരോധിച്ചപ്പോൾ.പി.പി ഫൈസൽ,പി.കെ സെയ്ത് മുഹമ്മദ്, കെ വി സാബു,,രത്നമ്മ,നസിം ഹംസ,ജബ്ബാർ,സുലൈമാൻ തുടങ്ങിയവർ മുൻനിരയിൽ**

# സിട്രോൺ ഇസി 3 കൊച്ചിയിൽ അവതരിപ്പിച്ചു

**കൊച്ചി:** ഫ്രഞ്ച് വാഹന നിർമാതാക്കളായ സിട്രോൺ ഇന്ത്യയിൽ ആദ്യമായി നിരത്തിലിറക്കുന്ന ഇലട്രിക് വാഹനമായ സിട്രോൺ ഇസി 3 അവതരിപ്പിച്ചു. 11,50,000 ലക്ഷം രൂപ മുതലാണ് എക്സ് ഷോറൂം വില. ഫെബ്രുവരി മധ്യത്തോടെ രാജ്യത്തുടനീളമുള്ള ലാ മൈസൻ സിട്രോൺ ഫിജിറ്റൽ ഷോറൂമുകൾ വഴി വിൽപ്പന ആരംഭിക്കും. സിട്രോൺ ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന പൂർണമായും ഓൺലൈനായും വിൽപ്പനയുണ്ട്. തമിഴ്നാട്ടിലെ തിരുവള്ളൂർ ഫാക്ടറിയിലാണ് ഈ കാറിന്റെ നിർമാണം. സിട്രോൺ രണ്ടാമതായി ഇന്ത്യയിൽ അവതരിപ്പിച്ച ബി സെഗ്മെൻറ് ഹാച്ച്ബാക്കായ സി 3 യുടെ പൂർണ ഇലക്ട്രിക് പതിപ്പാണ് ഇസി 3.പുതിയ സിട്രോൺ ഇസി 3 രാജ്യത്തുടനീളം 25 നഗരങ്ങൾ ലഭിക്കും. കൊച്ചി, കോഴിക്കോട്, കോയമ്പത്തൂർ, ചെന്നൈ, മാംഗ്ലൂർ, ബാംഗ്ലൂർ, ഹൈദരാബാദ്, വിശാഖപട്ടണം, മുംബൈ, പൂനെ, നാഗ്പൂർ, അഹമദാബാദ്, സൂറത്, ജയ്പൂർ, ഭോപാൽ, ന്യൂഡൽഹി, ഗുഡ്ഗാവ്, ചണ്ഡീഗഢ്, ലക്നൗ, കർണൽ, ഡെറാഡൂൺ, രാജ്കോട്ട്, കൊൽക്കത്ത, ഗുവാഹത്തി, ഭുവനേശ്വർ എന്നിവിടങ്ങളിലാണ് ലാ മൈസന് സിട്രോൺ ഫിജിറ്റൽ ഷോറൂമുകൾ ഉള്ളത്. ഇവിടങ്ങളിലെല്ലാം ജിയോബിപിയുടെ ഡിസി ഫാസ്റ്റ് ചാർജിങ് സൗകര്യം എല്ലാ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കാം.പുതിയ ഇസി3 പൂർണ ഇലക്ട്രിക് വാഹനത്തോടൊപ്പം മൈ സിട്രോൺ കണക്ട്, സിബഡി എന്നീ കണക്ടിവിറ്റി ആപ്പുകളും സിട്രോൺ പുറത്തിറക്കുന്നുണ്ട്. ഐഒഎസ്, ആൻഡ്രോയ്ഡ് പതിപ്പുകളിൽ ലഭിക്കുന്ന മൈ സിട്രോൺ കണക്ടിൽ 35 സ്മാർട് ഫീച്ചറുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഡ്രൈവിങ് പെരുമാറ്റ വിശകലനം, വെഹിക്കിൾ ട്രാക്കിങ്, എമർജൻസി സർവീസ് കോൾ, ഓട്ടോ ക്രാഷ് നോട്ടിഫിക്കേഷൻ, സോഫ്റ്റ് വെയർ അപ്ഡേറ്റുകൾ, ഉപയോഗം അടിസ്ഥാനമാക്കിയുള്ള ഇൻഷൂറൻസ് മാനദണ്ഡം, ഏഴു വർഷം സബ്സ്ക്രിപ്ഷൻ തുടങ്ങിയവയാണ് പ്രധാന ഫീച്ചറുകൾ.ബാറ്ററിക്ക് ഏഴു വർഷം അല്ലെങ്കിൽ 1.40 ലക്ഷം കിലോമീറ്റർ വരേയും, ഇമാട്ടോറിന് അഞ്ചു വർഷം അല്ലെങ്കിൽ ഒരു ലക്ഷം കിലോമീറ്റർ വരേയും വാഹനത്തിന് മൂന്ന് വർഷം അല്ലെങ്കിൽ 1.25 ലക്ഷം കിലോമീറ്റർ വരെയുമാണ് വാറന്റി.സ്റ്റെല്ലാൻറിസിനെ സംബന്ധിച്ചിടത്തോളം സിട്രോൺ ഇസി 3 ഇന്ത്യയിൽ അവതരിപ്പിക്കുന്നത് സുപ്രധാന നാഴികക്കല്ലാണെന്ന് സ്റ്റെല്ലാൻറിസ് ഇന്ത്യ സിഇഒയും മാനേജിങ് ഡയറക്ടറുമായ റോനൾഡ് ബുചര പറഞ്ഞു.പാസഞ്ചർ വാഹനങ്ങളുടെ ഗണത്തിൽ നവാഗതൻ എന്നതിൽ നിന്ന് ഇലക്ട്രിക് വാഹന രംഗത്ത് സുപ്രധാന സാന്നിധ്യമായി മാറുന്ന നിലയിലേക്ക് സിട്രോൺ വളർന്നു. പുതിയ സി 3 അവതരിപ്പിച്ച് ആറു മാസത്തിനുള്ളിൽ തന്നെ താങ്ങാവുന്ന നിരക്കിലുള്ള പൂർണ ഇലക്ട്രിക് പതിപ്പ് കൂടി ഇറക്കാൻ സാധിച്ചത് മികച്ചൊരു നേട്ടമാണ്. ഈ സ്മാർട് കാർ പ്ലാറ്റ്ഫോം തയാറാക്കുന്നതിന് തങ്ങളുടെ എഞ്ചിനീയറിങ്, ഡെവലപ്മെൻറ് ടീമും പ്രാദേശിക പങ്കാളികളും നടത്തിയ മികച്ച ശ്രമത്തിൻറെ ഫലമാണിതെന്നും റോനൾഡ് ബുചര പറഞ്ഞു.ഇന്ത്യൻ ഉപഭോക്താക്കളുടെ സവിശേഷമായ ആവശ്യങ്ങൾ മുന്നിൽകണ്ടാണ് പുതിയ ഇസി 3 വികസിപ്പിച്ചെടുത്തതെന്ന് സിട്രോൺ ഇന്ത്യയുടെ ബ്രാൻഡ് ഹെഡ് സൗരഭ് വത്സ പറഞ്ഞു.320 കിലോമീറ്റർ ഡ്രൈവിങ് റേഞ്ച് ലഭിക്കുന്നതോടൊപ്പം 100 ശതമാനം ഡിസി ഫാസ്റ്റ് ചാർജിങ് അടക്കമുള്ള ഒട്ടേറെ സാങ്കേതിക ഫീച്ചറുകളുമുണ്ട്. ഉപഭോക്താക്കളുടെ എല്ലാ പ്രതീക്ഷകളും നിറവേറ്റുന്ന പൂർണ ഇലക്ട്രിക് കാറാണ് ഇസി 3, ഉപഭോക്താക്കൾക്ക് പുതിയ സിട്രോൺ ഇസി3 ഓൾഇലക്ട്രിക് ടെസ്റ്റ് ഡ്രൈവ് ചെയ്യാനും ആസ്വദിക്കാനും കഴിയും. അടുത്തുള്ള സിട്രോൺ ഷോറൂം സന്ദർശിക്കുകയോ ഓൺലൈനായി കാർ ബുക്ക് ചെയ്യുകയോവാങ്ങുകയോ ചെയ്യാമെന്നും അദ്ദേഹം പറഞ്ഞു.

# മിഡിൽ ഈസ്റ്റിലെ ഏറ്റവും സ്വാധീനമുള്ള ഇന്ത്യക്കാരുടെ പട്ടിക പുറത്ത് ;ഒന്നാമത് എം.എ. യൂസഫലി

**ദുബായ്:** മിഡിൽ ഈസ്റ്റിലെ ഏറ്റവും സ്വാധീനമുള്ള ഇന്ത്യക്കാരുടെ പട്ടിക പ്രസിദ്ധീകരിച്ചു.ലുലു ഗ്രൂപ്പ് ചെയർമാനും അബുദാബി ചേംബർ വൈസ് ചെയർമാനുമായ എം.എ. യൂസഫലിയാണ് പട്ടികയിൽ ഒന്നാമതെത്തിയത്. ചോയിത്ത് റാം ഗ്രൂപ്പ് ചെയർമാൻ എൽ.ടി. പഗറാണിയാണ് യൂസഫലിക്ക് പിന്നിൽ രണ്ടാമതായി പട്ടികയിലുള്ളത്. രംഗത്തെ വിദഗ്ദനുമായ ദുബായ് ഇസ്ലാമിക് ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫിസറും അഡ്നൻ ചിൽവാനാണ് മൂന്നാമതായി പട്ടികയിൽ. ദുബായിലെ പ്രമുഖ വാണിജ്യ മാഗസീനായ അറേബ്യൻ ബിസിനസാണ് ഇത് സംബന്ധിച്ച പട്ടിക പുറത്തിറക്കിയത്.ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സ് മാനേജിംഗ് ഡയറക്ടർ അദീബ് അഹമ്മദ്, സ്റ്റാൻഡേർഡ് ചാർട്ടേർഡ് ബാങ്ക് സി.ഇ.ഒ. സുനിൽ കൗശൽ എന്നിവർ നാലും അഞ്ചും സ്ഥാനത്തായി പട്ടികയിൽ ഇടം പിടിച്ചു. ഗസാൻ അബൂദ് ഗ്രൂപ്പ് സി.ഇ.ഒ സുരേഷ് വൈദ്യനാഥൻ, ബുർജിൽ ഹോൾഡിംഗ്സ് ചെയർമാൻ ഡോ. ഷംസീർ വയലിൽ, ഇമാമി ഗ്രൂപ്പ് ഡയറക്ടർ പ്രശാന്ത് ഗോ

യങ്ക എന്നിവരും റാങ്ക് പട്ടികയിൽ ആദ്യ പത്തിൽ ഉൾപ്പെടുന്നു.ഗൾഫിലെ വാണിജ്യ വ്യവസായ രംഗത്ത് നിർണ്ണായക സ്വാധീനമുള്ള അബുദാബി ചേംബറിന്റെ വൈസ് ചെയർമാനായും യൂസഫലി പ്രവർത്തിക്കുന്നു. ഇതാദ്യമായാണ് ഏഷ്യൻ വംശജനായ ഒരു വ്യക്തിയെ ഒരു സർക്കാർ സ്ഥാപനത്തിന്റെ ഉന്നത പദവിയിൽ യു.എ.ഇ. പ്രസിഡണ്ടും അബുദാബി ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ നിയമിച്ചത്. യു.എ.ഇ.യുടെ വാണിജ്യ ജീവകാരുണ്യ മേഖലയിൽ നൽകിയ സംഭാവനകളെ മാനിച്ച് ഉന്നത സിവിലിയൻ ബഹുമതിയായ അബുദാബി അവാർഡും യൂസഫലിയെ തേടിയെത്തിയിട്ടുണ്ട്. യു.എ.ഇ. ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളിലെ ഭരണാധികാരികളുമായി അടുത്ത ബന്ധമാണ് യൂസഫലിക്കുള്ളത്. ഗൾഫ് രാജ്യങ്ങൾ, ഈജിപ്ത്, ഇന്തോനേഷ്യ, മലേഷ്യ എന്നിവിടങ്ങളിലായി 247 ഹൈപ്പർമാർക്കറ്റുകളുള്ള ലുലു ഗ്രൂപ്പിൽ 43 രാജ്യങ്ങളിൽ നിന്നുള്ള 65,000 ലധികം ആളുകളാണുള്ളത്. യു.എസ്.എ., യു.കെ. സ്പെയിൻ, ഇറ്റലി, ദക്ഷിണാഫ്രിക്ക, ശ്രീലങ്ക, ഫിലിപ്പൈൻസ്, തായ്ലാൻഡ് എന്നിങ്ങനെ 23 രാജ്യങ്ങളിലായി ലോജിസ്റ്റിക്സ് കേന്ദ്രങ്ങളും ഗ്രൂപ്പിനുണ്ട്.ഗൾഫ് രാജ്യങ്ങളുടെ സാമ്പത്തിക മേഖലയുടെ വളർച്ചയ്ക്കും രാഷ്ട്ര പുനർനിർമ്മാണത്തിനും ഇന്ത്യൻ ബിസിനസ് സമൂഹം നൽകിയ സംഭാവനകൾക്കുള്ള അംഗീകാരമായാണ് ഏറ്റവും ശക്തരായായ ഇന്ത്യക്കാരുടെ പട്ടിക പ്രതിനിധികരിക്കുന്നതെന്ന് അറേബ്യൻ ബിസിനസ് അഭിപ്രായപ്പെട്ടു

# ആക്സിസ് നിഫ്റ്റി ജിസെക് സെപ്റ്റംബർ 2032 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

AXIS MUTUAL FUND

**കൊച്ചി:** ആക്സിസ് നിഫ്റ്റി ജിസെക് സെപ്റ്റംബർ 2032 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. നിഫ്റ്റി ജിസെക് സെപ്റ്റംബർ 2032 സൂചികയിലെ ഘടകങ്ങളിൽ നിക്ഷേപിക്കുന്ന ഒരു ഓപ്പൺഎൻഡഡ് ടാർഗെറ്റ് മച്യുരിറ്റി ഡെറ്റ് ഇൻഡക്സ് ഫണ്ടാണിതെന്ന് ആക്സിസ് എഎംസി എംഡിയും സിഇഒയുമായ ചന്ദ്രേഷ് നിഗം പറഞ്ഞു.ഫണ്ട് ഓഫർ മാർച്ച് ആറിന് തുടങ്ങി 13ന് അവസാനിക്കും. 5000 രൂപയാണ് കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം. ട്രഷറി ബില്ലുകൾ, ഫ്ളോട്ടിംഗ് റേറ്റ് ബോണ്ടുകൾ, സീറോ കൂപ്പൺ ബോണ്ടുകൾ, ക്യാപിറ്റൽ ഇൻഡക്സ്ഡ് ബോണ്ടുകൾ തുടങ്ങിയ കേന്ദ്ര സർക്കാർ ഇഷ്യൂ ചെയ്ത സെക്യൂരിറ്റികളാണ് സർക്കാർ സെക്യൂരിറ്റികൾ (ജിസെക്). പദ്ധതിയുടെ 95–100 ശതമാനം തുകയും ഡെറ്റ് ഉപകരണങ്ങളിലാണ് നിക്ഷേപിക്കുക. ശേഷിച്ചത് പണവിപണി ഉപകരണങ്ങളിലാണ് നിക്ഷേപിക്കുക. ആക്സിസ് നിഫ്റ്റി ജിസെക് സെപ്റ്റംബർ 2032 ഇൻഡെക്സ് ഫണ്ട് നിക്ഷേപകർക്ക് കുറഞ്ഞ ഡിഫോൾട്ട് റിസ്ക് ഉള്ള ഉയർന്ന നിലവാരമുള്ള പോർട്ട്ഫോളിയോയിൽ നിക്ഷേപിക്കാൻ അവസരം നൽകുന്നുവെന്നും ചന്ദ്രേഷ് നിഗം പറഞ്ഞു.

# രണ്ടാംവിള നെല്ല് സംഭരണം: കർഷക രജിസ്ട്രേഷൻ മാർച്ച് 15 വരെ

കൊച്ചി: സപ്ലൈകോ വഴി നടപ്പാക്കുന്ന നെല്ല് സംഭരണ പദ്ധതിയുടെ 2022–23 രണ്ടാംവിള സീസണിലെ ഓൺലൈൻ കർഷക രജിസ്ട്രേഷൻ മാർച്ച് 15 വരെ നീട്ടി. താൽപര്യമുള്ളവർ മാർച്ച് 15 നകം സപ്ലൈകോയുടെ നെല്ല് സംഭരണ ഓൺലൈൻ വെബ് പോർട്ടൽ ആയ ംംം.ൗുഹ്യരീുമററ്യ.ശി എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണം. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾ പൂർണമായും അംഗീകരിച്ചുകൊണ്ട് ആവണം കർഷകർ നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്യുന്നത്. രണ്ടാംവിള നെല്ല് സംഭരണം 2023 ജൂൺ മാസത്തിൽ അവസാനിക്കും. കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന ഗുണനിലവാര മാനദണ്ഡപ്രകാരം നെല്ലിലെ ഈർപ്പത്തിന്റെ ഉയർന്ന അനുപാതം 17%വും പതിരിന്റെ ഉയർന്ന പരിധി നാല് ശതമാനവും ആണ്. നെല്ല് നിറയ്ക്കുന്നതിനുള്ള ചാക്ക് സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തരം കർഷകർക്ക് നൽകും. നെല്ല് ചാക്കിൽ നിറച്ച് ലോറിയിൽ കയറ്റുന്നതിന് സപ്ലൈകോ കർഷകർക്ക് ക്വിന്റലിന് 12 രൂപ നിരക്കിൽ കൈകാര്യചെലവ് നെല്ലിന്റെ വിലയ്ക്കൊപ്പം നൽകും. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട മറ്റു വിശദാംശങ്ങളും വ്യവസ്ഥകളും വെബ്സൈറ്റിൽ ലഭ്യമാണ്.

# കുഫോസിൽ പഴ സംസ്കരണ പരിശീലനം

**കൊച്ചി :**കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല (കുഫോസ്) വിവിധയിനം പഴങ്ങളുടെ സംസ്കരണം, വിപണനം എന്നിവയിൽ രണ്ട് ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. മാർച്ച് 9, 10 തിയ്യതികളിലാണ് പരിശീലനം. ഫീസ് 750 രൂപ. ഈ മേഖലയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്ക് പങ്കെടുക്കാം. പ്രായപരിധി ഇല്ല. മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ഫോൺ 9895462867, 8547353761.

# ആർക്ടിറ്റേൺ സൊല്യൂഷൻസിനെ ഏറ്റെടുത്ത് കേരള ഐടി കമ്പനി ആക്സിയ ടെക്നോളജീസ്

**തിരുവനന്തപുരം:** ആഗോള തലത്തിലെ മുൻനിര ഓട്ടോമോട്ടീവ് സോഫ്റ്റ്‌വെയർ ആൻഡ് റിസർച്ച് കമ്പനിയായ ആക്സിയ ടെക്നോളജീസ് പൈവറ്റ് ലിമിറ്റഡ്, ജർമ്മൻ ഓട്ടോമോട്ടീവ് സോഫ്റ്റ്‌വെയർ സർവീസ് സ്റ്റാർട്ടപ്പായ ആർക്ടിറ്റേൺ സൊല്യൂഷൻസ് ജിഎംബിഎച്ചിനെ ഏറ്റെടുത്തു. കേരള ആസ്ഥാനമായി പ്രവർത്തിക്കുന്ന ആക്സിയ ടെക്നോളജീസ് കാർ നിർമ്മാതാക്കൾക്കും ടയർ കമ്പനികൾക്കും എൻഡ് ടു എൻഡ് സൊല്യൂഷനുകളും സേവനങ്ങളും നൽകുന്ന കമ്പനിയാണ്.ആക്സിയ ടെക്നോളജീസ് തങ്ങളുടെ ആഗോള വിപണിയിലെ വിപുലീകരണ പദ്ധതികളുടെ ഭാഗമായാണ് ഏറ്റെടുക്കൽ നടത്തിയിരിക്കുന്നതെന്ന് ആക്സിയ ടെക്നോളജീസ് സ്ഥാപകനും സിഇഒയുമായ ജിജിമോൻ ചന്ദ്രൻ പറഞ്ഞു.ജർമ്മനിയിൽ നിന്നുള്ള കമ്പനി കൂടുതൽ കാർ നിർമ്മാതാക്കളെയും ടയർ ഉപഭോക്താക്കളെയും ആകർഷിക്കാൻ ആക്സിയയെ സഹായിക്കും. നൂതനമായ സോഫ്റ്റ്‌വെയർ ഓട്ടോമോട്ടീവ് സൊല്യൂഷനുകൾ, ഡിജിറ്റൽ എഞ്ചിനീയറിംഗ്, കൺസൾട്ടിംഗ് തുടങ്ങിയ ആക്സിയയുടെ സേവനങ്ങൾ കൂടുതൽ എളുപ്പത്തിൽ അവരിലേക്ക് എത്തിക്കാനും ഇതുവഴിയാകും. ജർമ്മനി ഒരു ഓട്ടോമോട്ടിവ് ഹബ് ആയിരിക്കെ ഈ ഏറ്റെടുക്കൽ ആക്സിയയുടെ അന്തർദേശീയ ബിസിനസ്സ് പ്രവർത്തനങ്ങൾക്ക് വലിയ ഉത്തേജനം നൽകും.ആഗോള വിപണിയിലെ സാന്നിദ്ധ്യം ശക്തിപ്പെടുത്താൻ തങ്ങൾ തിരഞ്ഞെടുത്ത തീരുമാനമായിരുന്നു ആർക്റ്റിറ്റേൺ ഏറ്റെടുക്കൽ എന്നും ജിജിമോൻ ചന്ദ്രൻ പറഞ്ഞു. ഇലക്ട്രിക് വാഹനങ്ങൾ മുതൽ ഓട്ടോണമസ് ഡ്രൈവിംഗ് വരെ, വാഹന രംഗത്തെ കണ്ടുപിടിത്തങ്ങൾക്കുള്ള, ലോകത്തെ മികവിന്റെ കേന്ദ്രമാണ് യൂറോപ്. അത്തരം പ്രവർത്തനങ്ങളുടെ ഹൃദയഭാഗത്തിരിക്കാനാണ് ആക്സിയ ആഗ്രഹിക്കുന്നത്. ആർക്റ്റിറ്റേണിനെ ഏറ്റെടുത്തതു വഴി ജർമനിയിലെ ഞങ്ങളുടെ അടിത്തറ കൂടുതൽ ശക്തമാകും. യൂറോപ്യൻ ഓട്ടോമോട്ടീവ് ഒഇഎമുകൾക്കും, ടയർ കമ്പനികൾക്കും അവരുടെ സോഫ്റ്റ്‌വെയർ ടെക്നോളജി ആവശ്യങ്ങൾ നിറവേറ്റി കൊടുക്കാനുള്ള ഇടമായി ആക്സിയയെ മാറ്റുകയാണ് ലക്ഷ്യമെന്നും ഈ മേഖലയിലെ ഉപഭോക്താക്കൾക്ക് ലോകോത്തര എഞ്ചിനീയറിംഗ്, കൺസൾട്ടിംഗ് സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നതിനും ഈ സംരംഭം ഗുണം ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ആർക്റ്റിറ്റേണിന്റെ ആദ്യ കാലം മുതൽ ആക്സിയയുമായി കൈകോർത്തിട്ടുണ്ടെന്നും, ഏറ്റെടുക്കലിലൂടെ സഹകരണം കൂടുതൽ വിപുലീകരിക്കാനാവുന്നതിൽ സന്തോഷമുണ്ടെന്നും ആർക്റ്റിറ്റേൺ സ്ഥാപകനും, ഇപ്പോൾ അക്സിയ ടെക്നോളജീസ് ജിഎംബിഎച്ചിന്റെ മാനേജിംഗ് ഡയറക്ടരിലൊരാളുമായ ദത്ത ഹെഗ്ഡെ പറഞ്ഞു. യൂറോപ്പിലെ തങ്ങളുടെ ഉപഭോക്താക്കൾക്ക് ഉന്നത നിലവാരത്തിലുള്ള സേവനം ഉറപ്പാക്കാൻ ഉതകുന്ന പരിചയസമ്പന്നരായ എഞ്ചിനിയർമാരുടെയും ഓട്ടോമോട്ടീവ് ഡൊമെയ്ൻ സ്പെഷ്യലിസ്റ്റുകളുടെയും സംഘം ആക്സിയക്കുണ്ടെന്നും ദത്ത ഹെഗ്ഡെ അഭിപ്രായപ്പെട്ടു.കമ്പനിയുടെ സൗകര്യം വിപുലീകരിക്കുന്നതിന്റെ ഭാഗമായി, തിരുവനന്തപുരം ടെക്നോപാർക്ക് ഫെയ്സ് ത്രീ എംബസി നയാഗ്ര ബിൽഡിംഗിൽ 85,000 ചതുരശ്ര അടി വിസ്തീർണമുള്ള ഓഫീസ് സ്പേസ് അക്സിയ ടെക്നോളജീസ് സ്വന്തമാക്കിയിരുന്നു.

# കുഫോസിൽ സ്റ്റാർട്ട് അപ്പ് മത്സരം

**കൊച്ചി:** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) പ്രവർത്തിക്കുന്ന ബിസിനസ്സ് ഇർക്യുബേഷൻ സെൻറർ, ഫിഷറീസുമായി ബന്ധപ്പെട്ട മേഖലകളിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള നവീന ആശയങ്ങൾ കണ്ടെത്തുന്നതിനായി മത്സരം സംഘടിപ്പിക്കുന്നു.മികച്ച ആശയങ്ങൾ അവതരിപ്പിക്കുന്നവർക്ക് സ്റ്റാർട്ട് അപ്പ് പ്രാവർത്തികമാക്കുന്നതിനുള്ള സാങ്കേതികസാമ്പത്തിക സഹായങ്ങൾ കുഫോസ് നൽകും.ആശയങ്ങൾ സമർപ്പിക്കേണ്ട അവസാന തിയ്യതി മാർച്ച് 10. അപേക്ഷ ഫീസ് 100 രൂപ. കൂടുതൽ വിവരങ്ങൾക്ക് 8075364710, 9895462867. ഇ മെയിൽ bic@kufos.ac.in

## ലോക വനിതാദിനം

# സ്ത്രീരോഗ ശസ്ത്രക്രിയകൾക്ക് പ്രത്യേക ഇളവുകളിമായി കോഴിക്കോട് ആസ്റ്റർ മിംസ്

Aster MIMS HOSPITAL

**കോഴിക്കോട് :** ലോക വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി മാർച്ച് 1 മുതൽ മാർച്ച് 31 വരെ സൗജന്യ നിരക്കിൽ സ്ത്രീരോഗ ശസ്ത്രക്രിയകൾ ലഭ്യമാക്കാനുള്ള പദ്ധതി പ്രഖ്യാപിച്ച് കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റൽ. സ്ത്രീകളെ ബാധിക്കുന്ന അണ്ഡാശയ, ഗർഭാശയ രോഗങ്ങളുടെ സർജറികൾക്കും, ഫൈബ്രോയിഡ് എംബോളൈസേഷൻ, വെരിക്കോസ് വെയിൻ ചികിത്സ, ഫിസ്റ്റുലോപ്ലാസ്റ്റി പോലെയുള്ള പ്രൊസിജറുകൾക്കും, ഹൃദയസംബന്ധമായ സർജറികൾ, ഉദരസംബന്ധമായ സർജറികൾ, കാൻസർ സർജറികൾ, മുട്ട് മാറ്റിവെക്കൽ, കിഡ്നി ട്രാൻസ്പ്ലാന്റ്, ലിവർ ട്രാൻസ്പ്ലാന്റ് ഉൾപ്പെടെയുള്ള ശസ്ത്രക്രിയ ആവശ്യമായി വരുന്ന എല്ലാ രോഗങ്ങൾക്കും ഈ ആനുകൂല്യം ലഭ്യമാകും. കൂടാതെ ഹെൽത്ത് ചെക്കപ്പ് പാക്കേജുകൾക്ക് 20% അധിക ഡിസ്കൗണ്ടും ലഭ്യമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.പദ്ധതിയിൽ രജിസ്ട്രേഷൻ, ഡോക്ടറുടെ ആദ്യ പരിശോധന എന്നിവ സൗജന്യമാണ്. ലാബ്, റേഡിയോളജി പരിശോധനകൾക്ക് 20% ഡിസ്കൗണ്ടും ലഭ്യമാണ്. സർജറി ആവശ്യമായവർക്ക് ആസ്റ്റർ മിംസ് ഹോസ്പിറ്റൽ, ആസ്റ്റർ ചാരിറ്റബിൾ ട്രസ്റ്റ്, ഡി എം ഫൗണ്ടേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ചികിത്സാ ഇളവുകൾ ലഭ്യമാക്കുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കാണ് പ്രഥമ പരിഗണനന. കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും 7591968000 / 9539425653 എന്ന നമ്പറുകളിൽ വിളിക്കുക.

Better Homes, Better Lives !
SHOT AT OWN SITE

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

Liva® KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001 CERTIFIED
LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE &
SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663